നം.കെ.എസ്.എ-കെ.ടി.എം.പി.9/1758/2019 തീയതി : 09.12.2019

# കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2018 മുതൽ 31.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. 4 എൻക്വയറികളുടെ വിശദീകരണം നേരിട്ട് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 19.11.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.11.2019 മുതൽ 18.11.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷീല വി.ആർ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഉണ്ണിക്കൃഷ്ണൻ എം. | ഓഡിറ്റർ |

**(ബി) നിർവഹണാധികാരികൾ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ജെസ്സി നൈനാൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.പി. ജെ .ജോർജ്ജ് | 01.04.2018 മുതൽ 31.03.2019 വരെ |

**(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ഗൗരി എ.ആർ. | 01.4.2018 മുതൽ 31.3.2019 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ഗ്രീസ പി.എ. | 16.6.18 മുതൽ 4.8.18 വരെ |
| | പ്രദീപ് പി.ജി.(ഇൻ-ചാർജ്) | 5.8.18 മുതൽ 14.10.18വരെ |
| | സുജ മാത്യു | 15.10.18 മുതൽ 31.3.19വരെ |
| വെറ്ററിനറി സർജൻ | ഡോ.സുജ ജോൺ | 01.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | ഡോ.കാതറിൻ പ്രിമ തോമസ് | 01.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ.സുശീല സ്റ്റീഫൻ | 01.4.2018 മുതൽ 31.3.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ഉമ എസ്. | 01.4.2018മുതൽ 12.11.2018 വരെ |
| | ശ്രീ.നിസാമുദ്ദീൻ എ. | 3.12.2018 മുതൽ 31.3.2019വരെ |
| | ശ്രീ. അജിത്ത് കുമാർ വി.എസ്. | 01.4.2018 മുതൽ 1.12.2018 വരെ |
| | ഹരികൃഷ്ണൻ ബി. | 1.12.2018മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി റൈഹാനത്ത് ബീവി | 01.04.2018മുതൽ 31.3.2019വരെ |
| അസിസ്റ്റന്റ് എൻജിനീയർ (എൽ.എസ്.ജി.ഡി.) | ശ്രീമതി ബിന്ദു റ്റി.റ്റി. | 01.4.2018മുതൽ 27.6.2018 വരെ |
| | ശ്രീമതി രശ്മി ആർ.എസ്. ഓവർസിയർ (അസിസ്റ്റന്റ് എൻജിനീയറുടെ ചാർജ് വഹിച്ചു) | 28.06.2018 മുതൽ 23.08.2018 വരെ |
| | ശ്രീ.ഹജി പ്രസാദ് ഓവർസിയർ (അസിസ്റ്റന്റ് എൻജിനീയറുടെ ചാർജ് വഹിച്ചു) | 24.08.2018 മുതൽ 08.10.2018 വരെ |
| | ശ്രീമതി ബിന്ദു റ്റി.റ്റി. | 09.10.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ലേഖ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. കണ്ണൻ എം.വി. | 01.04.2018 മുതൽ 31.03.2019 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി പ്രീതി സി. | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് പരിശോധന |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക ധനകാര്യ പത്രികകളുടെ പരിശോധനയും വിശകലനവും |
| 1-8 | ജേണൽ വൗച്ചറുകൾ ജനറേറ്റ് ചെയ്ത് സൂക്ഷിച്ചിട്ടില്ല |
| 1-9 | വസ്തുനികുതി നിർണ്ണയം – ഉപയോഗക്രമം നൽകുന്നതിൽ കൃത്യതയില്ല |
| 1-10 | മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല |
| 1-11 | നിർമ്മാണ പെർമിറ്റില്ലാതെ പൂർത്തീകരിച്ച കെട്ടിടങ്ങളുടെ ക്രമവത്ക്കരണം – അർഹമായ ഫീസ് ഈടാക്കുന്നില്ല |
| 1-12 | വസ്തുനികുതി ഒഴിവാക്കി നൽകി - നിജസ്ഥിതി വ്യക്തമല്ല |
| 1-13 | തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല |
| 1-14 | ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കിയില്ല |
| 1-15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ – അപാകതകൾ |
| 1-16 | ഇ.എം.ഡി.യായി ലഭിച്ച തുക പഞ്ചായത്തിന്റെ നിക്ഷേപവരവായി അക്കൗണ്ട് ചെയ്തില്ല |
| 1-17 | കാലഹരണപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല |
| 1-18 | ഇ-ടെണ്ടർ നടത്തിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില പഞ്ചായത്തിന് ലഭ്യമായിട്ടില്ല |
| 1-19 | മരം വെട്ടി ഒരു വർഷം കഴിഞ്ഞിട്ടും ലേലം നടന്നിട്ടില്ല |
| 1-20 | പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായുള്ള7.63 ലക്ഷം രൂപയുടെ ചെലവിന് പഞ്ചായത്ത് കമ്മിറ്റിയുടെ സാധൂകരണം വാങ്ങിയിട്ടില്ല |
| 1-21 | മഴക്കാല പൂർവ്വശുചീകരണം – രേഖകളുടെ അഭാവത്തിൽ 2,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-22 | പോസ്റ്റ് ഷിഫ്റ്റിംഗ് ചാർജിനത്തിൽ കെഎസ്ഇബി.യ്ക്ക് നൽകിയ 28,480/- രൂപയുടെ വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ല |

| | |
|---|---|
| 1-23 | ദേശീയഗ്രാമീണ തൊഴിലുറപ്പുപദ്ധതി - ശമ്പളമിനത്തിൽ തനതുഫണ്ടിൽ നിന്നും നൽകിയ 8,65,500/- രൂപ അക്കൗണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല |
| 1-24 | അവധികണക്കുകൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ് സറണ്ടർ അനുവദിച്ചു |
| 1-25 | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ – പഞ്ചായത്തിൽ നിന്നും നിക്ഷേപിച്ച 1,18,541/- രൂപയുടെ വിവരം വാട്ടർ അതോറിറ്റി കണക്കിൽപ്പെടുത്തിയിട്ടില്ല |
| 1-26 | തെരുവുവിളക്ക് പരിപാലനപ്രോജക്ടുകൾ – സർക്കാർ ഉത്തരവുകളും മാർഗ്ഗരേഖാ നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-27 | പദ്ധതി ആനുകൂല്യം ആവശ്യമില്ലെന്നറിയിച്ച ഗുണഭോക്താവിനുവേണ്ടി സ്വകാര്യ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയ തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല |
| 1-28 | ശുചിത്വമിഷൻ ഗ്രാന്റിനത്തിൽ ലഭിച്ച 5,00,000/- രൂപ നാളിതുവരെ ചെലവഴിക്കാനായില്ല |
| 1-29 | പി.എച്ച്.സി.യിലേയ്ക്ക് മരുന്നുവാങ്ങൽ – മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല |
| 1-30 | വീട് വാസയോഗ്യമാക്കൽ – പദ്ധതി പൂർത്തീകരിച്ചില്ല |
| 1-31 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗവിവരങ്ങൾ ലഭ്യമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-32 | പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച തുകകൾ ബാധ്യതയായി അവശേഷിക്കുന്നു |
| 1-33 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല |
| 1-34 | ലൈഫ് മിഷൻ – പദ്ധതി പൂർത്തീകരിച്ചില്ല |
| 1-35 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചു നൽകി |
| 1-36 | റോഡ് പുനഃസ്ഥാപിക്കുവാൻ ലഭിച്ച തുക തനതു ഫണ്ടിൽ അവശേഷിക്കുന്നു |
| **ഭാഗം – 2 – വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ |
| **ഭാഗം – 3 – ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | പദ്ധതി ആനുകൂല്യം ആവശ്യമില്ലെന്നറിയിച്ച ഗുണഭോക്താവിനുവേണ്ടി സ്വകാര്യ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയ തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |

| | |
|---|---|
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 27.03.2018 തീയതിയിലെ 1 -ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 21593580 | 10977396 | | 10616184 |
| വരവ് | 260614000 | 100353862 | | 16025538 |
| ആകെ | 282207580 | 111331258 | | 170876322 |
| ചെലവ് | 273350888 | 855066943 | | 187783945 |
| നീക്കിയിരിപ്പ് | 8856692 | 25824315 | 16967623 | |

പഞ്ചായത്ത് ഭരണസമിതിയുടെ 19.02.2019 ലെ 1-ാം നം. തീരുമാന പ്രകാരം താഴെ പറയും പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| ഇനം | പ്രതീക്ഷിച്ചത് |
|---|---|
| മുന്നിരിപ്പ് | 28980359 |
| വരവ് | 184282000 |
| ആകെ | 213262359 |
| ചെലവ് | 191360500 |

| നീക്കിയിരിപ്പ് | 21901859 |
|---|---|

2018-19 ൽ പ്രതീക്ഷിത വരവുചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമാണുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്. ബജറ്റ് വകയിരുത്തലില്ലാതെ ചെലവ് വകയിരുത്തിയതിൽ അധികരിച്ചചെലവ് എന്നിവ പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർത്ഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ നിർവ്വഹിക്കപ്പെടാനുള്ള സാദ്ധ്യത പരിമിതപ്പെടുത്താവുന്നതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | എ.സി.ആർ. പ്രകാരമുള്ള വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട്– പൊതുവിഭാഗം | 0 | 19637000 | 19637000 | 18129482 | 1507518 | 92.3 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 4833000 | 4833000 | 3341000 | 1492000 | 69.1 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 184000 | 184000 | 184000 | 0 | 100 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 726000 | 726000 | 267987 | 458013 | 39 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 4038000 | 4038000 | 2290008 | 1747992 | 56.7 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9114000 | 9114000 | 8434741 | 679259 | 92.5 |
| ബി ഫണ്ട് | 0 | 61832340 | 61832340 | 61832340 | 0 | 100 |
| നബാർഡ് | 540 | 836000 | 8365401 | 836358 | 182 | 99.97 |
| തനത് ഫണ്ട് | | 23480821 | - | 13303662 | | തനത് ഫണ്ട് വരവ് / ചെലവ് തുകകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ വിവിധ ഷെഡ്യൂളുകളുടെ അടിസ്ഥാന ത്തിലാണ് രേഖപ്പെടു ത്തിയിട്ടുള്ളത്. തനത് ഫണ്ട് അക്കൗണ്ടുകളിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തനത് ഫണ്ട് എന്ന് വിവക്ഷിക്കാൻ കഴിയാത്ത തുകകളും ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ തനത്ഫണ്ടിന്റെ മാത്രമായ നീക്കിയിരിപ്പ് അക്കൗണ്ടുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. |

തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 7466 | 951687 | 959153 | 942250 | 16903 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്. | 0 | 35456974 | 35456974 | 35456974 | 0 |
| ആകെ | 7466 | 36408661 | 36416127 | 36399224 | 16903 |

ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 109 | 166200 |
| കർഷകതൊഴിലാളി പെൻഷൻ | 1213 | 14145000 |
| വിധവാപെൻഷൻ | 837 | 9858300 |
| വാർദ്ധക്യകാലപെൻഷൻ | 2260 | 26577700 |
| വികലാംഗപെൻഷൻ | 379 | 4575000 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 59 | 690500 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2 | 60000 |

## 1-3 പദ്ധതി അവലോകനം

പദ്ധതി രൂപീകരണം

ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷികപദ്ധതിയുടെ ഭാഗമായി രൂപീകരിച്ച ആസൂത്രണസമിതിയുടെ പ്രഥമയോഗം 8-2-18-ൽ ചേർന്നു. വിവിധ വിഷയമേഖലകൾക്കായി രൂപീകരിക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ 17-2-18-ൽ സംയുക്തമായി യോഗം ചേർന്ന് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തി. 23-2-18-ൽ ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേരുകയും കരട് വികസനരേഖ

തയ്യാറാക്കുകയും ചെയ്തു. 2018-19 വാർഷികപദ്ധതിയുടെ തുടർന്നുള്ള വിവിധ പ്രവർത്തനഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 3-3-18 മുതൽ 11-3-18 വരെ |
| വികസനസെമിനാർ | 13-3-18 |
| വ്യക്തിഗതഗുണഭോക്താക്കളെ<br>തെരഞ്ഞെടുക്കുന്നതിനുള്ള യോഗം | 6-6-18-മുതൽ 16-6-18 വരെ |
| ഊരുകൂട്ടയോഗം | 3-3-18, 26-6-18 |
| ഭിന്നശേഷി ഗ്രാമസഭ | 3-3-18 |

മേൽപ്പറഞ്ഞ പ്രവർത്തനഘട്ടങ്ങളിലൂടെ 2018-19 ലെ കരട് പദ്ധതികൾക്ക് രൂപം കൊടുക്കുകയും ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വികസനസെമിനാർ എന്നിവ അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതികൾ ഉൾപ്പെടുത്തി **15-3-18**ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി. (അജണ്ട - I തീരുമാനം നം-1 ).

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

2018-19 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 17-2-18-ൽ സംയുക്തമായി യോഗം ചേർന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പും അതാതിന്റെ ചെയർമാൻ, കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക ഗ്രൂപ്പുകളായി പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുള്ളതായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗമിനിറ്റ്സുകളിൽ നിന്നും വ്യക്തമാകുന്നു. യോഗവിവരങ്ങൾ മിനിറ്റ്സ് തയ്യാറാക്കി ആധികാരികമാക്കിയിട്ടുണ്ട്. ഓരോ വിഷയമേഖലയുടെയും കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ കൃത്യമായ ആസൂത്രണത്തിനും നടപ്പാക്കലിനും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പൊതുവേ തൃപ്തികരമായിരുന്നു. എന്നാൽ പദ്ധതിനിർവ്വഹണ ഘട്ടങ്ങൾ മേൽനിരീക്ഷണം നടത്തി പുരോഗതി അവലോകനം ചെയ്യുന്നതിലും പദ്ധതികളുടെ ഫലപ്രദമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിലും വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല.

ഗ്രാമസഭായോഗങ്ങൾ

2018-19 വാർഷികപദ്ധതിയുടെ ഭാഗമായി എല്ലാ വാർഡുകളിലും 4 തവണ ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉദ്ദേശം | ഗ്രാമസഭാ തീയതി |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 3-3-2018 11-3-18വരെ |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് | 6-6-18 മുതൽ 16-6- 18 വരെ |
| 2018-19 വാർഷികപദ്ധതി അവലോകനം | 9-2-19 മുതൽ 25-2-19വരെ |

വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട്പദ്ധതി പഞ്ചായത്ത് കമ്മിറ്റിയുടെ 25-2-19-ലെ യോഗ തീരുമാനപ്രകാരമുള്ള [2(5)] ഭേദഗതിനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതുക്കുകയും പുതുക്കിയ വാർഷികപദ്ധതിക്ക് ഡി.പി.സി.യുടെ അന്തിമാംഗീകാരം ലഭിക്കുകയും ചെയ്തു. വിവിധ ഫണ്ടുകളിൽ നിന്ന് 14,38,42,787/-രൂപ വാർഷികപദ്ധതിക്കായി വകയിരുത്തിയിരുന്നു. സ്പിൽ ഓവർ ഉൾപ്പെടെ ആകെ 230 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

**പദ്ധതി നിർവ്വഹണം**

അംഗീകാരം കിട്ടിയ പ്രോജക്ടുകളിൽ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ 135 പ്രോജക്ടുകൾക്കു മാത്രമേ തൻവർഷം തുക ചെലവഴിച്ചിട്ടുള്ളൂ. അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ 58% മാത്രമാണിത്. വിവിധ

സ്രോതസ്സുകളിൽനിന്നായി ആകെ 6,45,85,066/-രൂപ വാർഷികപദ്ധതിക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തലിനെ അടിസ്ഥാനമാക്കുമ്പോൾ പദ്ധതിച്ചെലവ് 44.89% മാത്രമാണ്.

വികസനപദ്ധതികൾക്കായുള്ള 58.84 ലക്ഷം രൂപയുടെ സർക്കാർ ധനസഹായം നഷ്ടപ്പെടുത്തി

ഗ്രാമപഞ്ചായത്തിന് 2018-19-ലെ വികസനപ്രവർത്തനങ്ങൾക്കായി അനുവദിച്ച സംസ്ഥാന ബജറ്റ് വിഹിതം, പഞ്ചായത്ത് വാർഷികപദ്ധതികൾക്കായി ചെലവഴിച്ച തുക, യഥാസമയം ചെലവഴിക്കാതിരുന്നതിനാൽ കൺസോളിഡ്റ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുത്ത തുക എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് തരം | ബജറ്റ് വിഹിതം | പഞ്ചായത്ത് ചെലവഴിച്ച തുക | കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുത്ത തുക |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 19637000 | 18129482 | 1507518 |
| എസ്.സി.പി | 4833000 | 3341000 | 1492000 |
| ധനകാര്യക്കമ്മീഷൻഗ്രാന്റ് | 9114000 | 8434741 | 679259 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 726000 | 267987 | 458013 |
| സംരക്ഷമഗ്രാന്റ് (നോൺറോഡ്) | 4038000 | 2290008 | 1747992 |
| ആകെ | 38532000 | 32647218 | 5884782 |

ഫണ്ട് ലഭ്യമായിരുന്നിട്ടും അംഗീകാരം ലഭിച്ച സ്പിൽ ഓവർ ഉൾപ്പെടെയുള്ള പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ പ്രസ്തുത പ്രോജക്ടുകൾക്കുവേണ്ടി നീക്കിവച്ചിരുന്ന തൻവർഷത്തെ വിഹിതം 58.84 ലക്ഷം രൂപയുടെ നഷ്ടമാവുകയാണുണ്ടായത്. മാത്രമല്ല സ്പിൽ ഓവർവിഹിതം ലഭ്യമാകാത്തതിനാൽ നടപ്പാക്കാതിരുന്ന പ്രോജക്ടുകൾക്കുവേണ്ടി അടുത്തവർഷത്തെ വിഹിതത്തിൽനിന്നും തുക വകയിരുത്തേണ്ടി വരുന്നതിനാൽ 2019-20-ലെ പുതിയ പ്രോജക്ടുകൾക്ക് വകയിരുത്തേണ്ട വിഹിതത്തിൽ കുറവുവരികയും ചെയ്യുന്നു.

തനതുവിഭവസ്രോതസ്സുകൾ കുറവായ ഗ്രാമപഞ്ചായത്ത് സർക്കാരിൽനിന്നും വികസനപ്രവർത്തനങ്ങൾക്കു വേണ്ടി ലഭിക്കുന്ന ധനസഹായം നഷ്ടപ്പെടുത്താതെ പൂർണ്ണമായും പ്രയോജനപ്പെടുത്തി വാർഷികപദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

**നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ**

പദ്ധതിനിർവ്വഹണത്തിന്റെ ഭാഗമായി വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ തൻവർഷത്തെ ചെലവുശതമാനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ട്/ വകയിരുത്തിയ തുക | നടപ്പാക്കിയ പ്രോജക്ടുകൾ / ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| കൃഷി ഓഫീസർ | 6<br>4673200 | 6<br>3392600 | 72.59 |
| വെറ്ററിനറി സർജൻ | 8<br>32,57000 | 8<br>2591999 | 79.58 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 5<br>710000 | 5<br>709231 | 99.89 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1<br>600000 | 1<br>600000 | 100 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1<br>100000 | 1<br>100000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1<br>2,40000 | 1<br>1,60000 | 66.67 |
| വി.ഇ.ഒ. | 20<br>8,08,62,554 | 14<br>2,99,74,560 | 37.06 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12<br>53,87,244 | 9<br>45,74,848 | 84.92 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1<br>8,37,668 | 1<br>4,82,724 | 57.62 |
| എച്ച്എം,ഗവ.യു.പി.എസ് | 6<br>7,65000 | 6<br>7,54,900 | 98.67 |
| അസിസ്റ്റന്റ് സെക്രട്ടറി | 9<br>9,20000 | 7<br>7,84,200 | 85 |
| സെക്രട്ടറി | 45<br>1,64,87,637 | 31<br>94,33,072 | 57 |
| അസിസ്റ്റന്റ് എൻജിനീയർ | 130<br>2,90,02,484 | 60<br>1,10,26,932 | 38 |
| | 14,38,42,787 | 6,45,85,066 | 44.89 |

വാർഷികപദ്ധതി - വിലയിരുത്തൽ

പ്രളയക്കെടുതികൾ വളരെയേറെ ബാധിച്ച ഗ്രാമപഞ്ചായത്തിന് ദുരിതാശ്വാസമേഖലയിൽ ഏറെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിവന്നിരുന്നു. പശ്ചാത്തലമേഖലയിൽ റോഡുകളുടെ അറ്റകുറ്റപ്പണിക്കായും തോടുകൾ മാലിന്യമുക്തമാക്കുന്നതിനായും ആവിഷ്കരിച്ച സ്പിൽ ഓവർ ഉൾപ്പെടെയുള്ള എഴുപതോളം പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. എന്നിരുന്നാലും ജില്ലയിൽ ഏറ്റവും കൂടുതൽ നെൽവയലുകളുള്ള ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും പാടശേഖരങ്ങളായതിനാൽ കാർഷികമേഖലയ്ക്ക് ഊന്നൽ നൽകി കർഷകർക്ക് നെൽവിത്ത് വിതരണത്തിനായി വികസനഫണ്ടിൽനിന്നും 30ലക്ഷം രൂപയും കൃഷിക്കാർക്ക് കൂലിച്ചെലവ്

സബ്സിഡി നൽകുന്നതിനായി 1.8 ലക്ഷത്തോളം രൂപയും ചെലവഴിച്ചിട്ടുണ്ട്. തനതുഫണ്ടും ബ്ലോക്ക് വിഹിതവും ഉൾപ്പെടെ ഏകദേശം 8 ലക്ഷം രൂപ ചെലവഴിച്ച് സാന്ത്വനപരിചരണ യൂണിറ്റിനുവേണ്ടി ആംബുലൻസ് വാങ്ങിയതും വൈദ്യുത ഉപഭോഗം കുറയ്ക്കുന്നതിനായി പഞ്ചായത്ത് ഓഫീസിൽ സോളാർപാനൽ സ്ഥാപിച്ചതും നബാർഡ് ധനസഹായത്തോടെ 2013-14 നിർമ്മാണമാരംഭിച്ച തൊണ്ടന്പ്രാൽ-ചെങ്ങളം-കുന്നംപുറം റോഡ് പൂർത്തീകരിക്കാനായതും 2018-19 വാർഷികപദ്ധതി കാലയളവിലെ നേട്ടങ്ങളായി ഓഡിറ്റ് വിലയിരുത്തുന്നു.

ജില്ലയിൽ ഏറ്റവും കൂടുതൽ നെൽവയലുകളുള്ള ഗ്രാമപഞ്ചായത്തിൽ ഏകദേശം എൺപത് ഹെക്ടറോളം കൃഷിയോഗ്യമായവിധം പരിവർത്തനപ്പെടുത്താവുന്ന തരിശുസ്ഥലങ്ങളുണ്ടെങ്കിലും തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിനായി നാമമാത്രമായ തുകയാണ് വാർഷികപദ്ധതിയിലൂടെ ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്തിലെ പതിനെട്ടോളം അങ്കണവാടികൾ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാതെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത സാഹചര്യത്തിലും അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനായി 15ലക്ഷം രൂപ വകയിരുത്തി ആവിഷ്കരിച്ച പ്രോജക്ട് നടപ്പാക്കാനായിട്ടില്ല.

**സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം**

**ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി**

ഓഡിറ്റ് വർഷം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി 15 യോഗങ്ങൾ കൂടിയിട്ടുണ്ട്. യോഗവിവരങ്ങളുടെ മിനിറ്റ്സ് എഴുതി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ എല്ലാ യോഗവിവരങ്ങളും കൃത്യമായി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിരുന്നില്ല (12.7.18, 12.10.18, 24.1.19, 19.2.19, 6.3.19 എന്നീ തീയതികൾ). പൊതുഭരണം, നികുതി, ഓഡിറ്റ്, ബജറ്റ്, അക്കൗണ്ടിംഗ് ഒഴികെയുള്ള ധനകാര്യവിഷയങ്ങൾ (വാർഷിക ധനകാര്യപത്രിക) എന്നിവ കൈകാര്യം ചെയ്യുന്നതിൽ കമ്മിറ്റി ചുമതലകൾ നിറവേറ്റിയിട്ടുണ്ട്. തനതുവരുമാന വർദ്ധനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്ത് തുടർനടപടികൾ സംബന്ധിച്ച് തീരുമാനമെടുത്തു. സ്റ്റാന്റിംഗ് കമ്മിറ്റിയിലെടുക്കുന്ന പല തീരുമാനങ്ങളും പഞ്ചായത്ത് കമ്മിറ്റിയിലവതരിപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിക്കാണുന്നില്ല.

**വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

2018-19 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ആദ്യയോഗം 22-2-18-ലാണ് ചേരുന്നത്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രോജക്ട് നിർദ്ദേശങ്ങൾ പരിശോധിക്കുകയും ആയത് ക്രോഡീകരിച്ച് ഗ്രാമസഭകളിൽ ചർച്ചചെയ്ത് ഗ്രാമസഭാ നിർദ്ദേശങ്ങളുംകൂടി ഉൾപ്പെടുത്തി വികസനസെമിനാർ കൂടുന്നതിന് പ്രസ്തുത യോഗത്തിൽ തീരുമാനമെടുത്തു. തുടർന്ന് പന്ത്രണ്ടോളം യോഗങ്ങൾ തൻവർഷം കൂടിയിട്ടുണ്ടെങ്കിലും വാർഷികപദ്ധതിയുടെ ഭാഗമായി വരുന്ന പ്രോജക്ടുകളെക്കുറിച്ച് മാത്രമാണ് കൂടുതൽ യോഗങ്ങളിലും ചർച്ച ചെയ്തിട്ടുള്ളത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന മേഖലകളിൽ നടപ്പാക്കിയ വികസനപദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിലും പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലും കാര്യക്ഷമമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല.

**ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി**

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷം **11** യോഗങ്ങൾ കൂടിയിട്ടുണ്ട്.

പഞ്ചായത്ത് നടപ്പാക്കുന്ന മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയും സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള നടപടികൾ സംബന്ധിച്ച് തീരുമാനങ്ങളെടുത്ത് ജനറൽ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സാന്ത്വനപരിചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുണ്ടായിട്ടുണ്ട്. സ്റ്റാന്റിംഗ്കമ്മിറ്റി യോഗങ്ങളുടെ മിനിറ്റ്സ് കൃത്യതയോടെ എഴുതി പൂർത്തീകരിച്ച് ആധികാരികമാക്കിയിട്ടുണ്ട്.

**ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി**

എല്ലാ മാസവും യോഗംചേരുന്നുണ്ടെങ്കിലും പെൻഷൻ സംബന്ധിച്ച അപേക്ഷകളുടെ വിവരങ്ങൾ മാത്രമാണ് കൂടുതൽ യോഗങ്ങളിലും അജണ്ടാവിഷയമായി ഉൾപ്പെടുത്തിയിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയ്ക്ക് നിയമപ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുള്ള എല്ലാ വിഷയങ്ങളിലും സജീവമായി ഇടപെടേണ്ടതും ചുമതല നിറവേറ്റേണ്ടതുമാണ്.

ഗ്രാമസഭകൾ

ഓഡിറ്റ് വർഷം എല്ലാ വാർഡുകളിലും 4 തവണ ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉദ്ദേശം | ഗ്രാമസഭാ തീയതി |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 3-3-18മുതൽ 11-3-18 വരെ |
| വ്യക്തിഗത ഗുണഭോക്തൃ തെരഞ്ഞെടുപ്പ് | 6-6-18 മുതൽ 16-6-18വരെ |
| 18-19 വാർഷികപദ്ധതി അവലോകനം | 10-11-18 മുതൽ 19-11-18 വരെ |

എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ മതിയായ ജനകീയ പങ്കാളിത്തമുണ്ടായിരുന്നുവെന്നും വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെന്നും ലഭ്യമാക്കിയ ഗ്രാമസഭാ മിനിറ്റ്സുകളിലെ രേഖപ്പെടുത്തലുകളിൽനിന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

റോഡ് സംരക്ഷണഗ്രാന്റ് - മതിയായ വിഹിതം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല

തൻവർഷം റോഡ് അറ്റകുറ്റപ്പണികൾക്കുള്ള ബജറ്റ് വിഹിതമായി ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരുന്ന തുക 7,26,000/- രൂപയാണ്. മുൻവർഷങ്ങളിലും റോഡ് സംരക്ഷണഗ്രാന്റിനത്തിൽ പത്തുലക്ഷത്തിൽ താഴെയുള്ള തുക മാത്രമാണ് ലഭിച്ചിട്ടുള്ളത്. മറ്റ് ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് ഈയിനത്തിലുള്ള വിഹിതം കുറവായി ലഭിക്കുന്നതിന്റെ കാരണം എക്സിറ്റ് മീറ്റിംഗിൽ ആരായുകയുണ്ടായി. കോട്ടയം ജില്ലയിൽ ഏറ്റവും കൂടുതൽ നെൽവയലുകളും തരിശായ ചതുപ്പുപ്രദേശങ്ങളും ഉള്ള പഞ്ചായത്തിന് ആദ്യകാലങ്ങളിൽ റോഡുകൾ തീരെ കുറവായിരുന്നെന്നും അക്കാലത്തുണ്ടായിരുന്ന റോഡുകളുടെ ആകെ നീളം മാനദണ്ഡമാക്കിയാണ് നിലവിലും റോഡ് അറ്റകുറ്റപ്പണികൾക്കുവേണ്ടിയുള്ള വിഹിതം നിശ്ചയിക്കുന്നത് എന്നും സെക്രട്ടറിയും പഞ്ചായത്ത് അംഗങ്ങളും അറിയിച്ചു. എന്നാൽ മുൻകാല ജനകീയാസൂത്രണ പദ്ധതികളിലൂടെ നിർമ്മിക്കപ്പെട്ട ഏകദേശം 22കിലോമീറ്ററോളം ദൈർഘ്യം വരുന്ന ടാർറോഡുകൾ നിലവിൽ ഗ്രാമപഞ്ചായത്തിലുള്ളതായി ആസ്തിരജിസ്റ്ററിൽനിന്നും മനസ്സിലാകുന്നു.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ട് വർഷത്തിൽ കൂടുതൽ സമയവും വെള്ളത്തിനടിയിലാകുന്ന റോഡുകളാണ് ഗ്രാമപഞ്ചായത്തിനുള്ളത്. ആയതിനാൽത്തന്നെ റോഡുകൾ പെട്ടെന്ന് നശിച്ചുപോകുകയും അറ്റകുറ്റപ്പണികൾക്കായി കൂടുതൽ തുക ചെലവഴിക്കേണ്ടിയും വരുന്ന സാഹചര്യം നിലനിൽക്കുന്നു. മാത്രമല്ല ആകെ ഭൂവിസ്തൃതിയുടെ കൂതൽ ശതമാനവും വെള്ളക്കെട്ടുള്ള താണപ്രദേശമായതിനാൽ പുതിയ റോഡുകളുടെ നിർമ്മാണത്തിനും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതൽ തുക ചെലവഴിക്കേണ്ടതായിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കുവേണ്ടി ഇതരഗ്രാന്റുകൾ വിനിയോഗിക്കേണ്ടി വരുന്നതിനാൽ പശ്ചാത്തല മേഖലയിൽ പുതിയ റോഡുകളുടെ നിർമ്മാണത്തിനും ഉത്പ്പാദനമേഖലയിലും സേവനമേഖലയിലും കൂടുതൽ തുക വകയിരുത്തുന്നതിനും സാധിക്കുന്നില്ല.

മേൽപ്പറഞ്ഞ സാഹചര്യങ്ങൾ നിലനിൽക്കുമ്പോഴും തൻവർഷം ലഭ്യമായ റോഡ് മെയിന്റനൻസ് ഗ്രാന്റ് 40%-ൽ താഴെ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ പ്രാദേശിക പ്രത്യേകതകളും പരിമിതികളും കാരണം കാർഷികമേഖലയ്ക്ക് വളരെ കൂടുതൽ പ്രാമുഖ്യമുണ്ടെങ്കിലും കാർഷികയന്ത്രങ്ങളും മറ്റും കയറ്റിയിറക്കുന്നതിന് ഗതാഗതസൗകര്യക്കുറവുള്ളത് ഈ മേഖലയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നത്, ഗ്രാമപഞ്ചായത്തിന് മതിയായ റോഡ് വിഹിതം ലഭിക്കാത്ത സാഹചര്യങ്ങൾ എന്നിവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി നിലവിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് യുക്തമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ സജീവശ്രദ്ധയും ഇടപെടലും

ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-4 ആഭ്യന്തരനിയന്ത്രണസംവിധാനം

വിവിധ വിഷയങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ നിലനിൽക്കുന്ന ആഭ്യന്തരനിയന്ത്രണ സംവിധാനം ചുവടെ വിശകലനം ചെയ്യുന്നു.

**ബജറ്റും ബജറ്ററി കൺട്രോളും**

*നിയമാനുസരണം പാസ്സാക്കപ്പെട്ട ബജറ്റിലൂടെ ഗ്രാമപഞ്ചായത്ത് അതിന്റെ വരവുചെലവുകളെ പൊതുവായി മോണിട്ടർ ചെയ്യുന്നുണ്ടെങ്കിലും ധനവിനിയോഗത്തിലെ സമ്പൂർണ്ണ നിയന്ത്രണത്തിനുള്ള ഒരു ഉപാധി എന്ന നിലയിലുള്ള ബജറ്ററി കൺട്രോൾ സംവിധാനം നിലനിൽക്കുന്നില്ല.

**അക്കൗണ്ടിംഗ് സിസ്റ്റം**

*സ്ഥാപനത്തിന് ലിഖിതമായ അക്കൗണ്ടിംഗ് രീതികൾ നിലവിലുണ്ട്

*സാംഖ്യ സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ഗ്രാമ പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്നു.

*ധനകാര്യ രേഖകളും പത്രികകളും സ്ഥാപനത്തിന്റെ എല്ലാ ധനകാര്യ ഇടപാടുകളെയും പ്രവർത്തനങ്ങളേയും പൊതുവായി പ്രതിഫലിപ്പിക്കുന്നുണ്ടെങ്കിലും ആസ്തി/ബാധ്യതകളെ ശരിയായി പ്രതിഫലിപ്പിക്കുന്നില്ല.

*വൗച്ചറുകൾ തയ്യാറാക്കി ചെലവുനടന്ന ക്രമത്തിൽ നമ്പരിട്ട് ബയന്റ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്.

**കാഷ് ബാങ്ക് അക്കൗണ്ടുകളിൻമേലുള്ള നിയന്ത്രണങ്ങൾ**

* ഗ്രാമപഞ്ചായത്ത് ധന ഇടപാട് നടത്തുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള എല്ലാ അക്കൗണ്ടുകളുടേയും ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

*പണം സ്വീകരിക്കുന്നതിന് മാനുവൽ രസീതുകൾക്ക് പുറമെ മെഷീൻ പ്രിന്റ് ചെയ്ത രസീതുകൾ ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ സ്റ്റേഷനറി സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്. കളക്ഷൻ തുകകൾ കൃത്യ സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നുണ്ട്. ആയത് മേൽപരിശോധന നടത്തുന്നുമുണ്ട്.

*പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി -കൾ സമയബന്ധിതമായി ബാങ്കിൽ നിക്ഷേപിക്കുന്നുണ്ട്.

*പണം സ്വീകരിക്കുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫ്രണ്ട് ഓഫീസിൽ പ്രത്യേക സാഹചര്യങ്ങളിൽ ഒരു ദിവസം ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യേണ്ടിവരുമ്പോൾ ആദ്യം പണം കൈകാര്യം ചെയ്തിരുന്ന ആളിന്റെ ലോഗിൻ, പാസ്‌വേഡ് എന്നിവ തന്നെ രണ്ടാമത്തെ ആളും ഉപയോഗിക്കുന്ന രീതി പിൻതുടരുന്നു. ആയതിനാൽ സുരക്ഷിതമായ രീതിയിൽ പണം കൈകാര്യം ചെയ്യുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നില്ല.

ഭരണപരമായ കാര്യങ്ങൾ

*കൃത്യമായ ഓഫീസ് ഉത്തരവിലൂടെ പഞ്ചായത്ത് കൈകാര്യം ചെയ്യുന്ന എല്ലാ കാര്യങ്ങളും വിവിധ ജീവനക്കാർക്ക് ഇനം തിരിച്ച് ഏൽപ്പിച്ചു നൽകുകയും പ്രത്യക സാഹചര്യങ്ങളിൽ ചുമതലകൾ പുനർനിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്.

* ജീവനക്കാർ സ്ഥലംമാറ്റം ലഭിച്ചു പോകുമ്പോൾ കൈകാര്യചുമതലയുണ്ടായിരുന്ന ഫയലുകൾ ലിസ്റ്റ് ചെയ്ത് സാക്ഷ്യപ്പെടുത്തി ആധികാരികമായി ചുമതലാകൈമാറ്റം നടത്തുന്നില്ല.

മേൽവിഷയങ്ങളിൽ സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാകുന്നതിനുള്ള നടപടികളുണ്ടാകേണ്ടതാണ്.

### 1-5 ക്യാഷ് പരിശോധന

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.19 തീയതിയിൽ 03.30 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെയും ഹെഡ് ക്ലാർക്കിന്റയും സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 21039/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ, തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.2019 | 9/2019 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/10/2016 മുതൽ 03.11.2016 വരെ | 2011/12-2015/16 | LBA(HQ)II/8A,252/ 16-17/259 dt.08/12/16 |

### 1-7 വാർഷിക ധനകാര്യപത്രികയുടെ പരിശോധനയും വിശകലനവും

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 30-4-19 -ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2018-19 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 10977396/- രൂപയും തൻവർഷ വരവ് 100353862/- രൂപയും തൻവർഷചെലവ് 85506943/- രൂപയും വർഷാവസാന നീക്കിയിരിപ്പ് 25824315/- രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 148545069/- രൂപയും ആകെ ചെലവ് 150492374/- രൂപയും ആകുന്നു. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ വരുമാനമായി കണക്കാക്കിയ 456074/- രൂപ കിഴിച്ച് തൻവർഷത്തെ പ്രവർത്തന നഷ്ടം 1491231/- രൂപയായും കണക്കാക്കിയിട്ടുണ്ട്. 31.3.19 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 66822907/- രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 64096487.7 രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 2726419.30 രൂപയും ആകുന്നു. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യപത്രികകൾ പരിശോധിച്ചതിൽ ഓഡിറ്റ് വേളയിലും നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.07.2011ലെ ജി.ഒ.(എം.എസ്.)152/11 തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തുന്ന നടപടി പൂർത്തിയായിട്ടില്ല (ആസ്തി രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ ഭൂമിയുണ്ടെങ്കിലും പ്രസ്തുത വിവരങ്ങൾ ബി-11 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല ).

2) ലഭിക്കാനുള്ള തുകകൾക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

3) ക്യാപിറ്റൽ work in progress (B11(a)യിലെ തുകകൾ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയ തുകയുമായി പൊരുത്തപ്പെടുന്നില്ല.

4) സുലേഖയിൽ സൂചിപ്പിച്ചിട്ടുള്ള പ്രോജക്ടുകളിൽ ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്ന സാഹചര്യത്തിൽ ടി തുക I-14ൽ അക്കൗണ്ട് ചെയ്തിട്ടില്ല.

5)കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ ബാലൻസ് നിൽക്കുന്ന തുകയും വാർഷിക കണക്കുകൾ പ്രകാരം ടിയിനത്തിലെ ബാലൻസ് നൽക്കുന്ന തുകയും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

### 1-8 ജേണൽ വൗച്ചറുകൾ ജനറേറ്റ് ചെയ്ത് സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിലെ പല ധനവിനിമയങ്ങൾക്കും സാംഖ്യ സോഫ്റ്റ്‌വെയറിൽ ജേണൽ എൻട്രികൾ മുഖേന തിരുത്തലുകൾ വരുത്തുന്നുണ്ട്. എന്നാൽ ഇത് സംബന്ധമായി കൃത്യമായ ജേണൽ വൗച്ചർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അക്കൗണ്ടിംഗ് ക്രമീകരണങ്ങൾക്കുവേണ്ടി നടത്തുന്ന എല്ലാ ജേണൽ എൻട്രികൾക്കും

ബന്ധപ്പെട്ട അധികാരികളുടെ നടപടി ഉത്തരവുകൾ ഉണ്ടായിരിക്കേണ്ടതും പ്രസ്തുത ജേണൽ എൻട്രികൾ സാധൂകരിക്കുന്ന വൗച്ചറുകൾ, സബ് വൗച്ചറുകൾ, വർക്ക് ഷീറ്റ് എന്നിവ കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

### 1-9 വസ്തു നികുതി നിർണ്ണയം - ഉപയോഗക്രമം നൽകുന്നതിൽ കൃത്യതയില്ല

സഞ്ചയ വെബ് പോർട്ടലിൽ ലഭ്യമായിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലായുള്ള ഏതാനും കെട്ടിടങ്ങളുടെ ഉപയോഗക്രമം ചുവടെ ചേർക്കുന്നു. പ്രസ്തുത കെട്ടിടങ്ങളെ 'ആരാധനാലയങ്ങൾ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഇത്രയധികം കെട്ടിടങ്ങൾ, യഥാർത്ഥ ആരാധനയ്ക്ക് ഉപയോഗിക്കുന്നതും 'ആരാധനാലയങ്ങൾ' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണോയെന്നും പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് പര്യാപ്തമായ രേഖകൾ ലഭ്യമായില്ല. ടി കെട്ടിടങ്ങളുടെ പരിശോധന നടത്തി അർഹമായ ഉപയോഗക്രമം തന്നെയാണോ എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [12/15.11.2019], യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ പരിശോധനയിലൂടെ ഉപയോഗക്രമത്തിന്റെ നിജസ്ഥിതി വിലയിരുത്തി ആവശ്യമെങ്കിൽ അർഹമായ നികുതി പുന:നിർണ്ണയിച്ച് കുടിശ്ശിക സഹിതം തുക ഈടാക്കേണ്ടതും, ഒടുക്ക് രേഖകളോടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിഷയം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം. | വാർഡ് / നം. | കെട്ടിട ഉടമ | തറ വിസ്തീർണ്ണം (M2) | ഉപയോഗക്രമം |
|---|---|---|---|---|
| 1. | II/194 | സെന്റ് മേരീസ് ക്നാനായ ചർച്ച് പാരിഷ് ഹാൾ | 312 | ആരാധനാലയങ്ങൾ |
| 2. | XVI/420 | എസ്.എൻ.ഡി.പി. ഹാൾ | 77 | ആരാധനാലയങ്ങൾ |
| 3. | X/362 | സെന്റ് ഫ്രാൻസിസ് ഡി സാൽസ് ചർച്ച്, കിളിരൂർ | 200 | ആരാധനാലയങ്ങൾ |
| 4. | X/363 | സെന്റ് ഫ്രാൻസിസ് ഡി സാൽസ് ചർച്ച്, കിളിരൂർ | 200 | ആരാധനാലയങ്ങൾ |
| 5. | X/364 | സെന്റ് ഫ്രാൻസിസ് ഡി സാൽസ് ചർച്ച്, കിളിരൂർ | 200 | ആരാധനാലയങ്ങൾ |
| 6. | X/365 | സെന്റ് ഫ്രാൻസിസ് ഡി സാൽസ് ചർച്ച്, കിളിരൂർ | 250 | ആരാധനാലയങ്ങൾ |

### 1-10 മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി സമയബന്ധിതമായി ഈടാക്കാതെ, കുടിശ്ശിക നിലനിൽക്കുന്നതായി സഞ്ചയ വെബ് പോർട്ടൽ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ നം. | മൊബൈൽ കമ്മ്യൂണിക്കേഷൻ ടവർ | കുടിശ്ശിക കാലയളവ്/ അർദ്ധ വർഷം | വസ്തു നികുതി | ആകെ നികുതി തുക |
|---|---|---|---|---|---|
| 1. | IX/45A | എയർസെൽ ഡിസ്ട്രിക്റ്റ് വയർലസ് ലി. | 2018-19 [1] | 4500 | 5356 |
| | | | 2018-19 [2] | 4500 | 5355 |

| | | | | | |
|---|---|---|---|---|---|
| | | | 2019-20 [1] | 4500 | 5356 |
| 2. | I5/290A | റിലയൻസ് ലി. | 2019-20 [1] | 3389 | 4034 |
| 3. | 17/266 | റിലയൻസ് ഇൻഫ്രാടെൽ ലി. | 2018-19 [2]<br>2019-20 [1] | 2400<br>2400 | 2856<br>2857 |
| ആകെ കുടിശ്ശിക തുക | | | | | 25,814/- |

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/15.11.2019) കുടിശ്ശിക തുക ഈടാക്കുന്നതിന് അരിയർ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്. വസ്തുനികുതിയിനത്തിൽ 25,814/- രൂപ ബന്ധപ്പെട്ട മൊബൈൽ സേവനദാതാക്കളിൽ നിന്നും സമയബന്ധിതമായി ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തിരമായി കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ, ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയും ഇടപെടലും ഉണ്ടാകേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് നടപടി സ്വീകരിക്കേണ്ടതും, തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 നിർമ്മാണ പെർമിറ്റില്ലാതെ പൂർത്തീകരിച്ച കെട്ടിടങ്ങളുടെ ക്രമവത്കരണം - അർഹമായ ഫീസ് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത്, 'കാറ്റഗറി I ' വിഭാഗത്തിലുള്ളതാകയാൽ, ചട്ടപ്രകാരം 150m$^2$ വരെയുള്ള 'വാസഗൃഹം' എന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 2.5/- രൂപയും 150m$^2$ൽ അധികമായുള്ള ചതുരശ്രമീറ്ററിന് 5/- രൂപയും, 'വാണിജ്യം' എന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 7/- രൂപയുമാണ് പെർമിറ്റ് ഫീസായി ഈടാക്കേണ്ടത്. ബഹു. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി.2/15/ത.സ്വ.ഭ.വ നമ്പർ കത്തിലെ നിർദ്ദേശപ്രകാരം, പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന കെട്ടിടങ്ങൾക്ക്, പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ, രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും (മൂന്നിരട്ടിയിലുള്ള തുക) ഈടാക്കുന്നതിന് പകരം രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. കെട്ടിട നിർമ്മാണത്തിന് മുമ്പായി ചട്ടപ്രകാരമുള്ള നിർമ്മാണ പെർമിറ്റെടുക്കാതെ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും ക്രമവത്കരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശിപാർശപ്രകാരം കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ഫീസ് ഈടാക്കുന്നതിൽ കുറവ് വന്നതിന്റെ ഏതാനും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമ | തറ വിസ്തീർണ്ണം [m$^2$] | ഉപയോഗക്രമം | ഈടാക്കേണ്ടിയിരുന്ന ക്രമവത്കരണ ഫീസ് | ഈടാക്കിയ ക്രമവത്കരണ ഫീസ് | ഫീസിലുള്ള കുറവ് |
|---|---|---|---|---|---|---|
| [1] | [2] | [3] | [4] | [5] | [6] | [7] |
| 1. | ജയകുമാർ ജി, തെക്കുംകോയിത്തറ | 194.83 | വാസഗൃഹം | 194.83x15 =2922.45 | 194.83x10 =1948 | 974.45 |
| 2. | ആതിര ബി.നായർ, എതിത്തോരയിൽ | 158.13 | വാസഗൃഹം | 158.13x15 =2371.95 | 158.13x10 =1581 | 790.95 |

| | | | | | | |
|---|---|---|---|---|---|---|
| 3. | ആസാദ് പി.പി., കൊച്ചുവഞ്ചി പ്പാറയിൽ | 152.14 | വാസഗൃഹം | 152.14x15 =2282.10 | 152.14x10 =1522 | 760.10 |
| 4. | കുഞ്ഞുമുഹമ്മദ്, കല്ലൂത്ര | 184.35 | വാസഗൃഹം | 184.35x15 =2765.25 | 184.35x10 =1844 | 921.25 |
| 5. | സുരാജ് പി.എം., പക്കത്തുശേരി | 95.52 | വാസഗൃഹം | 95.52x7.5 =716.40 | 95.52x5 =478 | 238.40 |
| 6. | ശിവദാസ് & ശാന്തമ്മ, പാലത്താറ്റിൽ | 30.50 | വാസഗൃഹം | 30.5x7.5 =228.75 | 30.5x5 =153 | 75.75 |
| 7. | കുര്യൻ വർഗ്ഗീസ്, പെരുമാതിരിൽ | 54.32 | വാസഗൃഹം | 54.32x7.5 =407.40 | 54.32x5 =272 | 135.40 |
| 8. | ബീന ടി.പി, പുതുപ്പറമ്പിൽ | 62 | വാസഗൃഹം | 62x7.5 =465 | 62x5 =310 | 155 |
| 9. | വിജേഷ്, ചങ്ങമത്തറ | 96.38 | വാസഗൃഹം | 96.38x7.5 =722.85 | 96.38x5 =482 | 240.85 |
| 10. | റസീന, അലി മൻസിൽ | 15.81 | വാണിജ്യം | 15.81x21 =332.01 | 15.81x14 =222 | 110.01 |
| 11. | എം.ജെ. സോമൻ, മാങ്ങാത്തറയിൽ | 37.6 | വാണിജ്യം | 37.6x21 =789.6 | 385 | 404.60 |
| 12. | കുഞ്ഞുമുഹമ്മദ്, മാറാനിയകത്ത് | 30.40 | വാണിജ്യം | 30.40x21 =638.40 | 30.40x14 =426 | 212.40 |
| 13. | ദാവീദ് ഖാൻ, വഞ്ചിപ്പാറയിൽ | 48.44 | വാണിജ്യം | 48.44x21 =1017.24 | 48.44x14 =678 | 339.24 |
| | ആകെ തുക | | | | | 5358.40 |

ഫീസിനത്തിൽ കുറഞ്ഞ തുക ഈടാക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [16/16.11.2019], സങ്കേതം ഓൺലൈൻ പോർട്ടലിൽ ലഭിക്കുന്ന അപേക്ഷകളിൽ ഇരട്ടി തുക മാത്രമാണ് ഡിമാന്റ് തുകയായി പ്രതിഫലിക്കുന്നതെന്നും, ടി സാഹചര്യത്തിൽ പ്രസ്തുത ഓൺലൈൻ പോർട്ടലിന്റെ ന്യൂനതയായി വിലയിരുത്തപ്പെടുന്നതായുമുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്. സങ്കേതം സോഫ്റ്റ്‌വെയർ മുഖേന സമർപ്പിച്ച അപേക്ഷകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും (മൂന്നിരട്ടിയിലുള്ള തുക) ഈടാക്കുന്നതിന് പകരം രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിഷയം സംബന്ധിച്ച് 11.11.2015 ൽ ബഹു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക്

സർക്കാർ നല്കിയ സ്പഷ്ടീകരണത്തിൽ, ഒരിക്കൽ പെർമിറ്റ് എടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച സംഗതികൾ ക്രമവത്ക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും, പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്ക്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട അർഹമായ തുകയിൽ സോഫ്റ്റ്‌വെയർ ന്യൂനത/പരിമിതി മൂലം കുറവുണ്ടാകുന്നത് ബന്ധപ്പെട്ട ഐ.ടി സാങ്കേതിക വിഭാഗവുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കേണ്ടതും, ഓൺലൈൻ സംവിധാനം പ്രാവർത്തികമായതിന് ശേഷമുള്ള ക്രമവത്ക്കരണ നടപടികളിൽ ഈടാക്കിയിട്ടുള്ള ഫീസ് പുന:പരിശോധിക്കേണ്ടതും ഫീസിനത്തിലെ കുറവ് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കി, രേഖകൾ ഉൾപ്പെടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-12 വസ്തു നികുതി ഒഴിവാക്കി നൽകി - നിജസ്ഥിതി വ്യക്തമല്ല

സഞ്ചയ വെബ് പോർട്ടലിൽ ലഭ്യമായിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ഗ്രാമ പഞ്ചായത്തിലെ, X/248 നം. കെട്ടിടത്തെ വസ്തുനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് / നം. | കെട്ടിട ഉടമ | തറ വിസ്തീർണ്ണം (M2) |
|---|---|---|---|
| 1. | X/248 | ഡി.എസ്.എച്ച്.ജെ കോൺവെന്റ്, കിളിരൂർ നോർത്ത് | 190 |

പ്രസ്തുത കെട്ടിടത്തിന്റെ നികുതി ഒഴിവാക്കിയതിന്റെ കാരണങ്ങൾ സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ സഞ്ചയ വെബ് പോർട്ടലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [13/15.11.2019], കെട്ടിടത്തിന്റെ ഒഴിവാക്കിയ നികുതി പുനഃസ്ഥാപിക്കുന്നതാണെന്നുള്ള മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ സ്ഥല പരിശോധന അടിയന്തിരമായി നടത്തി, ഉപയോഗക്രമത്തിന്റെ നിജസ്ഥിതി വിലയിരുത്തി അർഹമായ നികുതി പുനഃനിർണ്ണയിച്ച് കുടിശ്ശിക സഹിതം തുക ഈടാക്കേണ്ടതും, ഒടുക്ക് രേഖകളോടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിഷയം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-13 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ലഭ്യമായ വിവരങ്ങൾ പ്രയോജനപ്പെടുത്തി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ലൈസൻസ് സംബന്ധമായ രേഖകൾ തൊഴിൽ നികുതി സംബന്ധമായ രേഖകളുമായി ഒത്ത്നോക്കി പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസിനായുള്ള അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | പെട്രോൾ പമ്പ്,ഇല്ലിക്കൽ (മുണ്ടുചിറക്കൽ ഫ്യൂൽസ്) | 6 |
| 2 | പെട്രോൾ പമ്പ്, ചെങ്ങളം | 4 |
| 3 | ദേവ്ജ്യോതി അസ്സോസിയേറ്റ്സ്, ചെങ്ങളം | 9 |

| | | |
|---|---|---|
| 4 | സിറ്റാഡെൽ ഹെൽത്ത്കെയർ പ്രൈവറ്റ് ലിമിറ്റഡ് | 3 |
| 5 | ഗ്രാന്റ് ബാക്കേഴ്സ് | 8 |
| 6 | മാരുതി റബ്ബർ പ്രോഡക്ട്സ്, കടത്തുകടവ്, ചെങ്ങളം | 5 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലേയ്ക്ക് സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-14 ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കിയില്ല

1996 ലെ KPR (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ, പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തവ

| ക്രമ നം | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷ വർഷം |
|---|---|---|
| 1. | കെയർ വെൽ ലബോറട്ടറി, ഇല്ലിക്കൽ | 2-ാം അർദ്ധവർഷം |
| 2. | സിയറ്റ് ലിമിറ്റഡ്, ജിഎൻഎക്സ്റ്റി പവർ കോർപ്പ് | 2 |
| 3. | പോസ്റ്റ് ഓഫീസ്, കാഞ്ഞിരം | 1 |
| 4. | G.N.V,T. സിയറ്റ് ടയേഴ്സ് | 1,2 |
| 5. | മൈത്രി ചെങ്ങളം | 1 |
| 6. | ശ്രാമ്പിക്കൽ ചിറ്റ്സ് & പ്രൈവറ്റ് ലിമിറ്റഡ് | 1,2 |
| 7. | ക്ഷീരസഹകരണസംഘം, ചെങ്ങളം | 1,2 |
| 8. | റ്റി.എസ്.നം.13 ചെങ്ങളം | 1,2 |
| 9 | റ്റി.എസ്.നം.20 ഇല്ലിക്കൽ | 1,2 |
| 10 | തിരുവാർപ്പ് ദേവസ്വം | 1,2 |
| 11 | ചെങ്ങളം ദേവസ്വം | 1,2 |
| 12 | സിവിൽ സപ്ലൈസ്, കിളിരൂർ | 1,2 |

| | | |
|---|---|---|
| 13 | ഇലക്ട്രിക്കൽ സെക്ഷൻ, കാഞ്ഞിരം | 1,2 |
| 14 | കിളിരൂർ ദേവസ്വം | 1,2 |
| 15 | റ്റി.എസ്.നം.21, കാഞ്ഞിരം | 1,2 |
| 16 | റ്റി.എസ്.നം.16,തിരുവാർപ്പ് | 1,2 |

ക്രമ നമ്പർ 10 മുതൽ 14 വരെയുള്ള സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുവാൻ മുൻ റിപ്പോർട്ടിലും പരാമർശിച്ചിരുന്നതാണെങ്കിലും നികുതി കൃത്യമായി ഈടാക്കുന്നതിൽ വീഴ്ച ഉണ്ടായിരിക്കുന്നു (രജിസ്റ്റർ പ്രകാരം).

<u>സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തവ</u>

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | ചെങ്ങളം സർവ്വീസ് സഹകരണബാങ്ക് | 2-ാം അർദ്ധവർഷം |
| 2 | അക്ഷയ ഗോൾഡ് ലോൺ | 2 |
| 3 | സിയറ്റ് ലിമിറ്റഡ്, ജിഎൻഎക്സ്റ്റ് പവർ കോർപ്പ് | 1,2 |
| 4 | ജിഎൻഎക്സ് റ്റ് സിയാറ്റ് ടയേഴ്സ് | 1,2 |
| 5 | ന്യൂ ഓപ്പർച്യൂണിറ്റി | 2 |
| 6 | ട്രാമ്പിക്കൽ ചിറ്റ്സ് & പ്രൈവറ്റ് ലിമിറ്റഡ് | 1,2 |
| 7 | ക്ഷീരോത്പാദനസഹകരണസംഘം, ചെങ്ങളം | 1,2 |
| 8 | റ്റി.എസ്.നം.13 ചെങ്ങളം | 1,2 |
| 9 | റ്റി.എസ്.നം.20 ഇല്ലിക്കൽ | 1,2 |
| 10 | റ്റി.എസ്.നം.21,കാഞ്ഞിരം | 1,2 |
| 11 | റ്റി.എസ്.നം.16, തിരുവാർപ്പ് | 1,2 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപനതൊഴിൽനികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപനതൊഴിൽനികുതിയും ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

<u>1)പുതുക്കിയ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.</u>

1996ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് ) നൽകൽ ചട്ടങ്ങൾക്ക് സർക്കാർ 31.10.2017 ലെ 80/2017/തസ്വഭവ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിരുന്നു. ഇതനുസരിച്ച് 01.11.2017 മുതൽ പുതുക്കിയ ചട്ടപ്രകാരം സംരംഭക സ്ഥാപനങ്ങൾക്കും ഇതര സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകണമായിരുന്നു. എന്നാൽ തിരുവാർപ്പ് പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷവും പഴയ ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളുടെ വിറ്റുവരവിനനുസരിച്ചാണ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപും പുതിയതായി തുറക്കുന്ന സ്ഥാപനങ്ങൾ തുറക്കുന്നതിന് 30 ദിവസം

മുൻപും ലൈസൻസ് എടുത്തിരിക്കേണ്ടതാണ്. എന്നാൽ ടി പഞ്ചായത്തിൽ മിക്ക അപേക്ഷകളും സാമ്പത്തികവർഷം അവസാനിച്ചതിനുശേഷമാണ് ലൈസൻസ് പുതുക്കിയിരിക്കുന്നത്. സംരംഭകപ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് സംബന്ധിച്ച് 31.10.2017 ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ അടിയന്തിരനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2) ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും പരിശോധനയിൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. നിലവിൽ ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് ആവശ്യമായ ഉടമയുടെ പേരും മേൽവിലാസവും | സംരംഭം |
|---|---|---|
| 1 | കൃഷ്ണ കിച്ചു,<br>അട്ടിയിൽ,ചെങ്ങളം | പെയിന്റിംഗ്, ഹാർഡ് വെയർ വില്പന |
| 2 | സുരേന്ദ്രൻ.കെ.ആർ,<br>പുത്തൻപുരയിൽ, ഒളശ്ശ | പലചരക്ക വ്യാപാരം |
| 3 | കായലോരം,<br>ഇല്ലിക്കൽ | കായലോരം മൽസ്യവിൽപ്പനശാല |
| 4 | സാജൻ കുരുവിള,<br>വാങ്ങാമറ്റം, ചെങ്ങളം | തോംസൺ പേപ്പർ പ്രോഡക്ട്സ് |
| 5 | ലിൻറ്റൊമോൻ,<br>കളപ്പുരപറമ്പിൽ,അയ്മനം | ശബരി സ്റ്റോഴ്സ്, കുമ്മനം |
| 6 | മുഹമ്മദ് സാബു,<br>വഞ്ചിയത്തുമാലി,<br>കിളിരൂർ നോർത്ത് | ഫാബ്രിക് കളക്ഷൻസ് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2) മറുപടിയായി എല്ലാ അപേക്ഷകളിലും ലൈസൻസ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-16 ഇ.എം.ഡി.യായി ലഭിച്ച തുക പഞ്ചായത്തിന്റെ നിക്ഷേപ വരവായി അക്കൗണ്ട് ചെയ്തില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ തിരുവാർപ്പ്, കിളിരൂർ ഗവ.യു.പി. സ്കൂളിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ആർ.ജെ. എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ഇ.എം.ഡി. ആയി 1500/- രൂപ മാനേജേഴ്സ് ചെക്ക് (നം.20314/25.10.18) മുഖേന വാങ്ങിയിരുന്നു. എന്നാൽ ടി തുക പണമാക്കി പഞ്ചായത്ത് അക്കൗണ്ടിൽ വരവു വെയ്ക്കുന്നതിനു പകരം നിലവിലും ഫയലിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ചെക്ക് കറൻസിക്ക് തുല്യമായി പരിഗണിക്കുന്നതിനാൽ ടി നടപടി ക്രമപ്രകാരമല്ല. കൂടാതെ ഇ.എം.ഡി. ക്യാഷോ, ഡി.ഡി.യോ ആയി വാങ്ങുന്നതിനു പകരം ചെക്കായി വാങ്ങിയ നടപടിയും ക്രമപ്രകാരമല്ല. മറ്റ് നിർവ്വഹണോദ്യോഗസ്ഥർ ഇ.എം.ഡി. ആയി വാങ്ങുന്ന തുകകൾ എല്ലാം തന്നെ പഞ്ചായത്തിന്റെ കണക്കിൽ വരവുവയ്ക്കേണ്ടതും ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-17 കാലഹരണപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ഇനങ്ങളിൽ ഡെപ്പോസിറ്റായി സ്വീകരിച്ചതും മൂന്ന് വർഷം കഴിഞ്ഞതുമായ കാലഹരണപ്പെട്ട തുകകൾ നിലനിർത്തിയിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡെപ്പോസിറ്റ് ഇനം | രസീത് നം. തീയതി | തുക |
|---|---|---|---|
| 1 | സപ്ലയേഴ്സ് ഇ.എം.ഡി. | 11501400001 / 31.12.2015 | 4500 |
| 2 | | 11601102827 /22.12.16 | 3000 |
| 3 | ബിഡ്ഡേഴ്സ് ഇ.എം.ഡി. | 1160111303 /25.08.16 | 1250 |
| 4 | | 11601105404/ 08.03.17 | 1830 |
| 5 | ലേലനിക്ഷേപം | 1170101024/21.05.13 | 2100 |
| 6 | മറ്റ് നിക്ഷേപം | 11301100503/ 10.05.13 | 500 |
| 7 | | 11401101070/ 09.02.15 | 2040 |
| 8 | | 11401101285 / 09.02.15 | 2040 |
| 9 | | 11505101627/ 12.10.15 | 1000 |
| 10 | | 11505101623/ 12.10.15 | 1000 |
| 11 | | 11505101625/ 12.10.15 | 1000 |
| 12 | | 11505101648/ 13.10.15 | 1000 |
| 13 | | 11505101654/ 13.10.15 | 1000 |
| 14 | | 11505101667/ 13.10.15 | 1000 |
| 15 | | 11505101668/ 13.10.15 | 1000 |
| 16 | | 11505101672/ 13.10.15 | 1000 |
| 17 | | 11505101678/ 13.10.15 | 1000 |
| 18 | | 11505101683/ 13.10.15 | 1000 |
| 19 | | 11505101693/ 13.10.15 | 1000 |

| | | |
|---|---|---|
| 20 | 11505101655/ 13.10.15 | 1000 |
| 21 | 11505101703/ 13.10.15 | 1000 |
| 22 | 1150510709/13.10.15 | 1000 |
| 23 | 11505101713/ 13.10.15 | 1000 |
| 24 | 11505101744/ 14.10.15 | 1000 |
| 25 | 11505101750/ 14.10.15 | 1000 |
| 26 | 11505101760/ 14.10.15 | 1000 |
| 27 | 11505101763/ 14.10.15 | 1000 |
| 28 | 11505101764/ 14.10.15 | 1000 |
| 29 | 11505101777/ 14.10.15 | 1000 |
| 30 | 11505101778/ 14.10.15 | 1000 |
| 31 | 11505101782/ 14.10.15 | 1000 |
| 32 | 11505101783/ 14.10.15 | 1000 |
| 33 | 11505101784/ 14.10.15 | 1000 |
| 34 | 11505101785/ 14.10.15 | 1000 |
| 35 | 11505101786/ 14.10.15 | 1000 |
| 36 | 11505101792/ 14.10.15 | 1000 |
| 37 | 11505101796/ 14.10.15 | 1000 |
| 38 | 11505101797/ 14.10.15 | 1000 |
| 39 | 11505101798/ 14.10.15 | 1000 |
| 40 | 11505101800/ 14.10.15 | 1000 |
| 41 | 11505101803/ 14.10.15 | 1000 |

| | | | |
|---|---|---|---|
| 42 | | 11505101804/ 14.10.15 | 1000 |
| 43 | | 11505101808/ 14.10.15 | 1000 |
| 44 | | 11505101811/ 14.10.15 | 1000 |
| 45 | | 11505101816/ 14.10.15 | 1000 |
| 46 | | 11505101817/ 14.10.15 | 1000 |
| 47 | | 11505101818/ 14.10.15 | 1000 |
| 48 | | 11505101819/ 14.10.15 | 1000 |
| 49 | | 11505101825/ 14.10.15 | 1000 |
| 50 | | 11505101826/ 14.10.15 | 1000 |
| | ആകെ | | 59260 |

നിയമാനുസൃത നടപടിക്രമങ്ങളിലൂടെ കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18 ഇ-ടെൻഡർ നടത്തിയ പ്രോജക്റ്റുകളുടെ ടെൻഡർ ഫോം വില പഞ്ചായത്തിന് ലഭ്യമായിട്ടില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ്. ടി തുകകൾ പഞ്ചായത്തിന് തനത് ഫണ്ടിലേക്കുള്ള വരുമാനമാണ്. 2015-16, 2016-17, 2017-18, 2018-19 വർഷങ്ങളിൽ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 2018-19 വർഷം 5 പ്രോജക്റ്റുകളുടെ ടെൻഡർ ഫീയിനത്തിൽ 11960/- രൂപ ലഭിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും SBI യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇത്തരത്തിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നം. 57063153565) ആരംഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ടെൻഡർ ഫീയിനത്തിലെ തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിച്ചിട്ടില്ല. ഇ-ടെൻഡർ ഫോമിന്റെ മൂല്യം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുക അക്കൗണ്ടിലേക്ക് ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ ഫോം വില പഞ്ചായത്ത് ഫണ്ടിലേക്കും State Goods and Services Tax(SGST), Central Goods and Services Tax(CGST) എന്നിവ കൃത്യമായി കണക്കാക്കി ബന്ധപ്പെട്ട അക്കൗണ്ടിലേക്കും അടവാക്കേണ്ടതുമാണ്.

### 1-19 മരം വെട്ടി ഒരു വർഷം കഴിഞ്ഞിട്ടും ലേലം നടന്നിട്ടില്ല.

7-ാം വാർഡിൽ പരുത്തിയകം പാലത്തിന് സമീപം അപകടകരമായി നിന്ന ആഞ്ഞിലിമരം വെട്ടിയ കൂലിയിനത്തിൽ 7500/- രൂപ വൗച്ചർ നമ്പർ 21800316/28-8-18 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം

വെട്ടിയ മരത്തിന്റെ പുനരുപയോഗം/ലേലം സംബന്ധിച്ച വിവരങ്ങൾ ബോധ്യപ്പെടാത്തതിനാൽ പ്രസ്തുത വിവരം രേഖാമൂലം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു (എൻക്വയറി നമ്പർ 8/14.11.19). ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മരത്തിന്റെ വാല്യുവേഷൻ എടുത്തു നൽകുന്നതിന് കോട്ടയം സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് കത്ത് നൽകിയിരുന്നെങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല എന്നറിയിച്ചു.

എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഫോറസ്റ്റ് വകുപ്പുമായി ബന്ധപ്പെട്ട് മരം ലേലം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. മേൽ സാഹചര്യത്തിൽ തടി നശിച്ചുപോകാതെ വനംവകുപ്പിൽ നിന്നും വാല്യുവേഷൻ ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് ലേലത്തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-20 പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായുള്ള 7.63ലക്ഷം രൂപയുടെ ചെലവിന് പഞ്ചായത്ത് കമ്മിറ്റിയുടെ സാധൂകരണം വാങ്ങിയിട്ടില്ല

2018ജൂലൈ മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ വിവിധ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിൽനിന്നും 26.7.18 മുതൽ 30.10.18 വരെയുള്ള കാലയളവിൽ ആകെ 7,63,282/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ മാസത്തേയും വരവുചെലവു കണക്കുകൾ അംഗീകരിച്ചു പാസാക്കണമെന്ന നിയമാനുസൃത ചുമതല ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിറവേറ്റിയിട്ടുണ്ട്. യാദൃശ്ചികമായിട്ടുണ്ടായ പ്രളയദുരിതാശ്വാസ ചെലവുകൾക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ മുൻകൂർ അനുമതി അപ്രായോഗികമാണെങ്കിലും ചെലവുകൾക്ക് കമ്മിറ്റിയുടെ സാധൂകരണം ആവശ്യമാണ്. ആയതിനാൽ പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് നടത്തിയ 7,63,282/-രൂപയുടെ ചെലവിന് കമ്മിറ്റിയുടെ സാധൂകരണം വാങ്ങേണ്ടതാണ്.

## 1-21 മഴക്കാല പൂർവ്വശുചീകരണം - രേഖകളുടെ അഭാവത്തിൽ 2,25000/-രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു

| വൗച്ചർനമ്പർ | തുക |
|---|---|
| 21800204/1-6-18 | 90,000/- |
| 21800204/21-6-18 | 1,80,000/- |
| ആകെ | 2,70,000/- |

മഴക്കാലപൂർവ്വ ശുചീകരണത്തിനായി 18 വാർഡുകളിലേക്കും വാർഡ് ഒന്നിന് യഥാക്രമം 5000/-രൂപ 10000/- രൂപ എന്നീ ക്രമത്തിൽ ആകെ 2,70,000/- രൂപ മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ ചെലവ് സംബന്ധിച്ച രേഖകൾ വൗച്ചർഫയലിൽ സൂക്ഷിച്ചിരുന്നില്ല. രേഖകൾ ലഭ്യമാക്കുന്നതിലേക്കായി പ്രസ്തുത അപാകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. ലഭ്യമായ തുക 18 വാർഡുകളിലേയും വാർഡ് ശുചിത്വസമിതികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുള്ളതായി മെഡിക്കൽ ഓഫീസർ വാക്കാൽ അറിയിക്കുകയും 14-ാം വാർഡിന്റെ ബാങ്ക് പാസ്ബുക്ക് ഹാജരാക്കുകയും ചെയ്തു. ടി അക്കൗണ്ടിലേക്ക് രണ്ട് തവണയായി ആകെ 15,000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുള്ളത് അക്കൗണ്ടിൽനിന്നും പിൻവലിച്ചിട്ടുമുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് 3,4,8 എന്നീ വാർഡുകൾക്ക് അനുവദിച്ച തുകകളുടെ ചെലവുരേഖകൾകൂടി പരിശോധനയ്ക്ക് ലഭ്യമാക്കി .

കൈമാറിയ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ മഴക്കാലപൂർവ്വ ശുചീകരണത്തിനായി ചെലവഴിച്ച 2,70,000/- രൂപയിൽ 3,4,8 വാർഡുകൾക്ക് അനുവദിച്ചതൊഴികെയുള്ള 2,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവുരേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പോസ്റ്റ് ഷിഫ്റ്റിംഗ് ചാർജിനത്തിൽ കെ.എസ്.ഇ.ബി-യ്ക്ക് നൽകിയ 28480/- രൂപയുടെ വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ല.

വിവിധ റോഡുകളുടെ പുനരുദ്ധാരണവേലകളും വീതികൂട്ടലും മറ്റും നടത്തുന്നതിന് തടസമായിരുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.സ്.ഇ.ബി.യുടെ എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുകകൾ തൻവർഷം സ്ഥാപനത്തിന് കൈമാറി നൽകിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തുക | ബന്ധപ്പെട്ട റോഡ് പ്രവൃത്തി |
|---|---|---|
| 21800811/4-12-18 | 15995/- | വാർഡ് 2-കളപ്പുരത്താഴെ മണലേൽ റോഡ് |
| 21801328/ 16-3-19 | 5782/- | വാർഡ് -13-മലരിക്കൽ കുട്ടായിച്ചിറ റോഡ് |
| 21801154/27-2-19 | 6703/- | വാർഡ് -14- വെട്ടികാട് |
| ആകെ | 28480/- | |

പ്രവൃത്തികൾ നടപ്പാക്കിയ വിവരങ്ങളും കൈമാറിയ തുകയുടെ വിനിയോഗവിവരങ്ങളും നാളിതുവരെ ലഭ്യമായിട്ടില്ലാത്ത സഹചര്യത്തിൽ 28,480/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ദേശീയഗ്രാമീണ തൊഴിലുറപ്പുപദ്ധതി - ശമ്പളമിനത്തിൽ തനതുഫണ്ടിൽനിന്നും നൽകിയ 8,65,500/- രൂപ അക്കൗണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല.

തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വേതനമിനത്തിലും യാത്രാബത്തയിനത്തിലും തനതുഫണ്ടിൽ നിന്നും നൽകിയ തുകയിൽ 8,65,500/- രൂപ തനതുഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1-4-18-ൽ ക്രമീകരിക്കാനവശേഷിച്ചിരുന്ന തുക | 2,48,250 |
| വേതനമിനത്തിൽ തൻവർഷം നൽകിയ ആകെ തുക | 12,24,000 |
| യാത്രാബത്ത ആകെ അനുവദിച്ചത് | 49,500 |
| ആകെ | 15,21,750 |
| തൻവർഷം റീക്കൂപ്പുചെയ്ത തുക | 6,56,250 |
| | 8,65,500/- |

തനതുഫണ്ടിൽനിന്നും എൻ.ആർ.ജി.ഇ.സ് പദ്ധതിയുടെ ഭരണച്ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിന്റ തനതുഫണ്ടിൽനിന്നും ചെലവഴിച്ചതും നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതുമായ തുക എൻ.ആർ.ഇ.ജി.എസ് പദ്ധതിഫണ്ടിൽ നിന്നും തനതുഫണ്ടിലേക്ക് ക്രമീകരിക്കേണ്ടതാണ്.

## 1-24 അവധി കണക്കുകൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ്സറണ്ടർ അനുവദിച്ചു.

ഗ്രാമപഞ്ചായത്തിൽ കരാർ വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ചെയ്ത ഇനത്തിൽ ചുവടെ ചേർക്കുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ ആൾ |
|---|---|---|

| | | |
|---|---|---|
| 21801455/29-3-19 | 10750/- | പാർവ്വതി നാരായണൻകുട്ടി, ടെക്നിക്കൽ അസിസ്റ്റന്റ് |
| 21801479/30-3-19 | 12500/- | ഉദയകുമാരി,<br>അസി.എൻജിനീയർ ,എൻ.ആർ.ഇ.ജി.എസ് |
| 21801480/30-3-19 | 9250/- | ബിബിൻബാബു, ഓവർസിയർ, എൻ.ആർ.ഇ.ജി.എസ് |
| 21801481/30-3-19 | 9250/- | ജീന എം മോഹൻ,<br>ഡേറ്റ എൻട്രി ഓപ്പറേറ്റർ, എൻ.ആർ.ഇ.ജി.എസ് |
| 21801481/30-3-19 | 9250/- | ബിന്ദുമോൾ, ഡേറ്റ എൻട്രി ഓപ്പറേറ്റർ, എൻ.ആർ.ഇ.ജി.എസ് |
| 21801482/30-3-19 | 9250/- | മീനുമാത്യു, ഓവർസിയർ, എൻ.ആർ.ഇ.ജി.എസ്. |

പ്രസ്തുത ജീവനക്കാർക്കുവേണ്ടി സേവനപുസ്തകം സൂക്ഷിച്ചുപോരുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചു. ജീവനക്കാരുടെ അവധി വിവരങ്ങളും മറ്റ് സേവനവിവരങ്ങളും സേവനപുസ്തകത്തിൽ രേഖപ്പെടുത്താതെയും അവധികണക്കുകൾ തയ്യാറാക്കി ആധികാരികമാക്കാതെയും ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകിയ നടപടി ശരിയല്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള (എൻക്വയറി നമ്പർ 8/15.11.19) മറുപടിയിൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ജീവനക്കാരുടെ സേവനവിവരങ്ങളും അവധിവിവരങ്ങളും ആർജ്ജിതാവധികൾ സറണ്ടർ ചെയ്തതിന്റെ വിശദാംശങ്ങളും സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-25 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -പഞ്ചായത്തിൽ നിന്നും നിക്ഷേപിച്ച 1,18,541/- രൂപയുടെ വിവരം വാട്ടർ അതോറിറ്റി കണക്കിൽപെടുത്തിയിട്ടില്ല

വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾക്കായി 2017-18 വരെയുള്ള വാർഷികപദ്ധതികളിൽ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് തുക കൈമാറി നൽകിയിരുന്നതും അതോറിറ്റി ചെലവഴിച്ചതും ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ തുകകളുടെ വിവരങ്ങൾ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയറുടെ 16-2-19-ലെ എബി-3-5413/93 നമ്പർ കത്തുപ്രകാരം ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിരുന്നു. കത്തിലെ കണക്കുകൾ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻവർഷ ചെലവുപത്രികകൾ എന്നിവയുമായി ഒത്തുനോക്കി പരിശോധിച്ചതിൽ 2017-18-ൽ പ്രോജക്റ്റ് നമ്പർ 182/17-18 പ്രകാരം പട്ടികവർഗ്ഗകുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിലെ റോഡുകളിൽ ലൈൻ ദീർഘിപ്പിക്കലിനുവേണ്ടി നൽകിയ 1,18,541/- രൂപ വാട്ടർ അതോറിറ്റിയുടെ വരവുകണക്കിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കണ്ടു. പഞ്ചായത്തിൽ നിന്നും മുൻവർഷം നിക്ഷേപിച്ച തുകയുടെ വിവരം വാട്ടർ അതോറിറ്റി കണക്കുകളിൽ ഉൾപ്പെടാത്തതിന്റെ കാരണം വ്യക്തമല്ല. ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാകുന്നതിനായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് 1,18,541/-രൂപയുടെ ഡെപ്പോസിറ്റ് തുക അതോറിറ്റിയുടെ കണക്കിൽ ഉൾപ്പെടുത്തി ലഭിക്കുന്നതിനും പൂർത്തീകരിച്ച പ്രവൃത്തികളുടെ ചെലവ് വിശദാംശങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 തെരുവുവിളക്ക് പരിപാലനപ്രോജക്ടുകൾ - സർക്കാർ ഉത്തരവുകളും മാർഗ്ഗരേഖാനിർദ്ദേശങ്ങളും പാലിച്ചിട്ടില്ല

**- ചെലവ് തടസ്സപ്പെടുത്തുന്നു**

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായും പുതിയ വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിനായും ഗ്രാമപഞ്ചായത്ത് തൻവർഷം സ്പിൽ ഓവർ ഉൾപ്പെടെ വിവിധ പ്രോജക്റ്റുകൾ പ്രകാരം ആകെ 14,29,495/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 6/18-19 | 2,00000 | 1,84,700 |
| 2 | 62/18-19 | 500000 | 4,98,960 |
| 3 | 97/18-19 | 400000 | 4,00,000 |
| 4 | 217/18-19 | 400000 | 2,89,743 |
| 5 | 219/18-19 | 36,370 | 36,370 |
| 6 | 237/18-19 | 19,722 | 19,722 |
| | ആകെ | 15,56,092 | 14,29,495/- |

ബന്ധപ്പെട്ട പ്രോജക്റ്റ് ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ്നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) ഓരോ വാർഡിലും കേടായ വിളക്കുകളുള്ള പോസ്റ്റുകൾ ഏതെല്ലാമാണെന്നും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം, പോസ്റ്റു നമ്പർ, വിളക്കുകളുടെ എണ്ണം, സ്ഥാപിക്കുന്നതിനാവശ്യമായ അനുബന്ധ സാമഗ്രികൾ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി.യുടെ സഹകരണത്തോടെ സംയുക്ത പരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3) ഓരോ വാർഡിലും ഏതൊക്കെ പോസ്റ്റുകളിലാണ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും പ്രവൃത്തികൾ വിജയകരമയി പൂർത്തീകരിച്ചിട്ടുള്ളതായും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ചെയ്തിട്ടില്ല.

4) തെരുവുവിളക്കുകൾ പോസ്റ്റുകളിൽ കയറി നന്നാക്കുന്നതിന് കെ.എസ്.ഇ.ബി.യുടെ അനുമതി വാങ്ങിയിട്ടില്ല.

5) ഗ്രാമപഞ്ചയത്ത് വർഷികപദ്ധതിയിൽപ്പെടുത്തി സ്ഥാപിക്കുന്ന തെരുവുവിളക്കുകൾ പല സ്ഥലങ്ങളിലും പ്രവർത്തിക്കുന്നില്ലാത്തത് സംബന്ധിച്ച് പത്രവാർത്തയും വന്നിട്ടുണ്ട്. എന്നാൽ വിളക്കുകളിൽ രാത്രിയാകുമ്പോൾ മാത്രം പ്രകാശിക്കുന്ന തരത്തിലുള്ള ഓട്ടോമാറ്റിക് സംവിധാനമാണുള്ളത് എന്നതിനാൽ വാർത്തയുടെ നിജസ്ഥിതി പകൽസമയത്ത് നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല. തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പുസ്തകവും ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇതിന്റെ അഭാവം മൂലം പുതിയ തെരുവുവിളക്കുകൾ വാങ്ങുന്നതിന്റേയും പഴയ തെരുവുവിളക്കുകളുടെ അറ്റകുറ്റപണിയുടെയും ആവശ്യകതയും കൃത്യതയും സുതാര്യതയും ഓഡിറ്റിൽ വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (എൻക്വയറി നമ്പർ -15) മറുപടി ലഭ്യമാക്കിയില്ല. പശ്ചാത്തലമേഖലയിൽ തെരുവുവിളക്ക പരിപാലനത്തിനായി ഓരോ വാർഷികപദ്ധതികളിലും ലക്ഷക്കണക്കിനു രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും തുടർനിരീക്ഷണമില്ലാത്തതുമൂലം പ്രവർത്തനരഹിതമാകുന്ന വിളക്കുകൾ യഥാസമയം കണ്ടെത്തി വാറന്റി കാലയളവിനുള്ളിൽ അറ്റകുറ്റപ്പണി നടത്താൻ കഴിയാതെ വരുന്നു. ഇക്കാരണത്താൽ ഓരോ വാർഷികപദ്ധതിയിലും അറ്റകുറ്റപ്പണികൾക്കായി തുക അധികമായി ചെലവഴിക്കേണ്ടി വരുന്നത് പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നു. മേൽ സൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ തൻവർഷം തെരുവുവിളക്കുപരിപാലനത്തിനായി വിവിധ പ്രോജക്റ്റുകൾ പ്രകാരം നടത്തിയ 14,29,495/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് ആധികാരികരേഖകൾ സഹിതം വിവരം അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സർക്കാർ കാലാനുസൃതമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും പഞ്ചായത്ത് ഡയറക്ടറുടെ 17.8.15-ലെ ജി2-44274/15 പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചും ആയിരിക്കേണ്ടതാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ മേൽനിരീക്ഷണവും തുടർമോണിറ്ററിംഗും ശക്തമാക്കുന്നതിനും പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കപ്പെടുന്നതിനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുണ്ടാകേണ്ടതുമാണ്.

## 1-27 പദ്ധതി ആനുകൂല്യം ആവശ്യമില്ലെന്നറിയിച്ച ഗുണഭോക്താവിനുവേണ്ടി സ്വകാര്യ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയ തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 143/18-19 |
| അടങ്കൽ | 3,60,000/- (എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് | 3,00,000/- |
| ബിൽ നം./തീയതി | 07/18-19/29.11.18 - 60,000/- |
| | 08/18-19/21.12.18 - 60,000/- |
| | 09/18-19/19.01.19 - 1,20,000/- |
| | 10/18-19/28.01.19 - 60,000/- |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി-യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം ഓട്ടോറിക്ഷ വാങ്ങുന്നതിനായി ഒരാളിന് 60,000/- രൂപ നിരക്കിൽ ആകെ 5 പേർക്ക് റ്റി.വി.സുന്ദരം അയ്യങ്കാർ & സൺസ്, സൂര്യ മോട്ടോഴ്സ് എന്നീ സ്ഥാപനങ്ങൾക്ക് യഥാക്രമം 1,20,000/- രൂപ, 1,80,000/- രൂപ എന്നിങ്ങനെ ആകെ 3,00,000/- രൂപ നൽകിയിട്ടുണ്ട്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 4 ഗുണഭോക്താക്കൾ മാത്രമേ വാഹനം വാങ്ങി രജിസ്റ്റർ ചെയ്തിട്ടുള്ളൂ എന്ന് കണ്ടു. ഗുണഭോക്താവായ ശ്രീ.സുരേഷ്കുമാർ, കട്ടക്കുറ്റിച്ചിറ, തിരുവാർപ്പ് എന്നയാൾ വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ഉണ്ടായിരുന്നില്ല. ടിയാന് സബ്സിഡി ആവശ്യമില്ല എന്ന് രേഖാമൂലം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചതായി ഫയലിൽ നിന്നും വ്യക്തമാകുന്നു (നൽകിയ കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്). എന്നാൽ, ടിയാളുടെ പേരിലുള്ള സബ്സിഡി തുക റ്റി.വി.സുന്ദരം അയ്യങ്കാർ & സൺസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ, ഗുണഭോക്താവിന്റെ പേരിലുള്ള സബ്സിഡി തുക സ്ഥാപനത്തിൽ നിന്നും നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ ആവശ്യകത ഉറപ്പുവരുത്താതെ തുക പിൻവലിച്ച് സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയ നടപടി ഉചിതമല്ല. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/10.11.2019) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കി അറിയിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുക തിരികെ ലഭിക്കുന്നതുവരെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിച്ച് ചെലവ് തുകയായ 60,000/- രൂപ നിരാകരിക്കുന്നു.

## 1-28 ശുചിത്വ മിഷൻ ഗ്രാന്റിനത്തിൽ ലഭിച്ച 5,00,000/- രൂപ നാളിതുവരെ ചെലവഴിക്കാനായില്ല

പൊതു കക്കൂസ് നിർമ്മാണത്തിനായി ശുചിത്വ മിഷനിൽ നിന്നും 24.5.18-ൽ 5,00,000/- രൂപ ലഭിച്ചിരുന്നു. ആയതിനായി പ്രോജക്ട് തയ്യാറാക്കി ടെൻഡർ /റീ ടെൻഡർ /കൊട്ടേഷൻ നടപടികൾ സ്വീകരിച്ചുവെങ്കിലും നാളിതുവരെ യാതൊരു നടപടികളും ആയിട്ടില്ല. പ്രത്യേക ഉദ്ദേശത്തിനായി (മാലിന്യനിർമ്മാർജ്ജന മേഖലയിൽ ചെലവഴിക്കുന്നതിന്) ലഭിച്ച ധനസഹായം നിശ്ചിത ആവശ്യത്തിനായി ചെലവഴിക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. ആയതിനാൽ ലഭ്യമായ ഫണ്ട് നിശ്ചിത ലക്ഷ്യത്തിനായി ചെലവഴിക്കേണ്ടതും വിനിയോഗവിവരം അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം തുക ശുചിത്വമിഷനിലേക്ക്

തിരിച്ചടയ്ക്കേണ്ടതുമാണ്.

### 1-29 പി.എച്ച്.സി.യിലേക്ക് മരുന്നുവാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്ട് നം -S0090/19

അടങ്കൽ - 100000/-

ചെലവ് -100000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,പി.എച്ച്.സി.

ബിൽ നം. തുക - 10/04.02.2019 -50000/-
12/01.3.19 - 50000/-

2018-19 സാമ്പത്തികവർഷത്തിൽ പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങുവാൻ 1,00,000/- രൂപ കാരുണ്യ ഫാർമസിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ 94,091/- രൂപയുടെ മരുന്ന് മാത്രമെ ലഭിച്ചിട്ടുള്ളൂ. ബാക്കി ലഭിക്കേണ്ടതായ 5,909/- രൂപയുടെ (ബിൽ നം.10) മരുന്ന് ലഭ്യമാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്. ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 5,909/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു..

### 1-30 വീട് വാസയോഗ്യമാക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പദ്ധതി നം. | SOO86/2018-19 |
| പദ്ധതി | വീട് വാസയോഗ്യമാക്കൽ<br>[ജനറൽ വിഭാഗം] |
| അടങ്കൽ തുക | 19,00,000/- |
| ചെലവ് തുക | 17,00,000/- |
| ബിൽ നം. | 04/2018-19/28.09.2018 [1808025201430057635l] |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പ്രസ്തുത പദ്ധതി, 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ളതും, ഓഡിറ്റ് വർഷം ടി പദ്ധതി സ്പിൽ ഓവറായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പാത്തുക്കുട്ടി, പന്നിപ്പിള്ളിക്കണ്ടം, കുമ്മനം, കോട്ടയം എന്നവരുടെ വീട് വാസയോഗ്യമാക്കുന്നതിന് ടിയാളുടെ എസ്.ബി.ഐ. തിരുവാർപ്പ് ശാഖയിലുള്ള 67349154811 നം. അക്കൗണ്ടിലേക്ക് 25000/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിച്ചുനൽകണമെന്ന മാർഗരേഖ നിർദ്ദേശം പാലിക്കപ്പെട്ടിട്ടുള്ളതായി വ്യക്തമായിട്ടില്ല. പദ്ധതി പ്രകാരമുള്ള ആദ്യ ഗഡു [25000/- രൂപ] 28.09.2018 തീയതിയിൽ ഗുണഭോക്താവിന് നൽകിയിട്ടുണ്ടെങ്കിലും, ആനുപാതികമായ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. കരാർ രേഖകൾ പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള കാലയളവിൽ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കണം എന്നിരിക്കെ, പദ്ധതി സ്പിൽ ഓവറായി ഏറ്റെടുത്തിട്ടും നാളിതുവരെ പൂർത്തീകരിക്കുവാൻ കഴിയാതിരുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [09/15.11.2019], സാമഗ്രികൾ നിർമ്മാണ സ്ഥലത്തേയ്ക്ക് എത്തിക്കുന്നതിന് കൂലി ചെലവിനത്തിൽ, ഗുണഭോക്താവിന് അധിക തുക ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായതിനാലാണ് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്നും, പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്. 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് പൂർത്തീകരിക്കേണ്ടിയിരുന്നത് നാളിതുവരെ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 25000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ഭവനം വാസയോഗ്യമാക്കുന്നതിന് വിനിയോഗിച്ച് പ്രവൃത്തി

സമയബന്ധിതമായി പൂർത്തീകരിച്ച്, ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുക ദുർവിനിയോഗം ചെയ്തതായി കാണപ്പെട്ടാൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-31 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗവിവരങ്ങൾ ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു

ബിൽ നം. 04/2018-19/31.10.2018 (1,12,500/-)

| | |
|---|---|
| പദ്ധതി | പ്രത്യേക കന്നുകുട്ടി പരിപാലനം |
| പദ്ധതി നം | S0039/ 2019 |
| ആകെ അടങ്കൽ | 4,50,000/- |
| ഗുണഭോക്താക്കൾ | 18 |
| ബിൽ നം.,തീയതി,തുക | 19/31.10.18 – 1,12,500/- |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ടി പദ്ധതിക്കായി 1,12,500/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കന്നുകുട്ടി പരിപാലന പദ്ധതി, കോട്ടയം എന്ന പേരിൽ കോട്ടയം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം: 799012700000023)

വിനിയോഗ വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 1,12,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതി കാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്ക്, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച തുകകൾ ബാധ്യതയായി അവശേഷിക്കുന്നു

31.03.2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഗ്രാന്റുകൾ പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി അവശേഷിക്കുന്നു. ഗ്രാന്റുകൾ അക്കൗണ്ട് ചെയ്ത കണക്ക് ശീർഷകങ്ങളുടെ ലെഡ്ജർ രേഖപ്പെടുത്തൽ പ്രകാരമുള്ള വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | തുക |
|---|---|---|
| 1. | അങ്കണവാടി നിർമ്മാണം | 32315 |
| 2. | എസ്.എസ്.എ | 180006 |
| 3. | നിർമ്മൽ പുരസ്കാർ | 163007 |

മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന ഫണ്ട് വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം വ്യക്തമല്ല. മേൽ വിവരിച്ച തുകകൾ നിർദ്ദേശിക്കപ്പെട്ട ആവശ്യത്തിന് ചെലവഴിച്ച് പഞ്ചായത്തിന്റെ ബാധ്യതാകണക്കിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

## 1-33 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല

പഞ്ചായത്തിൽ 29 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 18 അങ്കണവാടികളും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അങ്കണവാടികളുടെ നിലവിലെ അടിസ്ഥാനസൗകര്യങ്ങൾ

വിശകലനം ചെയ്തതിൽ 9 അങ്കണവാടികളിൽ വാട്ടർ കണക്ഷനോ സ്വന്തം കിണറോ ഇല്ലാത്തതിനാൽ കുടിവെള്ളത്തിന് പൊതുടാപ്പുകളേയും സ്വകാര്യവ്യക്തികളുടെ കിണറുകളേയും ആശ്രയിക്കേണ്ടി വരുന്നു. കൂടാതെ മാലിന്യസംസ്കരണത്തിന് അങ്കണവാടികളിൽ സൗകര്യങ്ങളില്ല എന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. അതിനാൽ അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനായും കെട്ടിടനിർമ്മാണത്തിനായും ആവിഷ്കരിച്ച് അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും തുടർന്നു വരുന്ന വാർഷിക പദ്ധതികളിൽ അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നടപടികളുണ്ടാകേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 ലൈഫ് മിഷൻ - പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പദ്ധതി നം. | S0092/2018-19 |
| പദ്ധതി | ലൈഫ് മിഷൻ പദ്ധതി |
| അടങ്കൽ തുക | 6,92,00,000/- |
| ചെലവ് തുക | 2,52,00,000/- |
| ബിൽ നം. | 03/2018-19/28.09.2018 [112000/-]<br>01/2018-19/13.01.2018 [1400000/-]<br>ട്രഷറി ചെക് നം. 2863015/ 31.10.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പ്രസ്തുത പദ്ധതി, ഓഡിറ്റ് വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. ലൈഫ് ഭവനപദ്ധതിയിൽ ഭവനം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | ആനുകൂല്യം [രൂപ] | ബിൽ നം./തീയതി |
|---|---|---|---|
| 1. | സരോജിനി, മാടപ്പത്ര, ചെങ്ങളം | 40,000/- | 03/2018-19/28.09.2018 |
| 2. | മിനിമോൾ.കെ.എസ്., രഹന കോട്ടേജ്, തിരുവാർപ്പ് | 40,000/- | 01/2018-19/13.01.2018 |
| 3. | ഷാജിദ, പുതുക്കാട്ടിൽ, ചെങ്ങളം | 40,000/- | 03/2018-19/28.09.2018 |
| 4. | പുഷ്പാഭായ്, താഴത്തുറപത്, തിരുവാർപ്പ് | 40,000/- | ട്രഷറി ചെക് നം. 2863015/ 31.10.2018 |
| 5. | ഗിരിജാമണി, പാർക്കത്ര, ചെങ്ങളം | 40,000/- | 01/2018-19/13.01.2018 |
| 6. | മണിയമ്മ പ്രഭാകരൻ, അറുപറയിൽ, കുമ്മനം | 40,000/- | 03/2018-19/28.09.2018 |
| | ആകെ തുക | 2,40,000/- | |

പദ്ധതിയുടെ ആദ്യ ഗഡു [40,000/- രൂപ] ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെങ്കിലും, ആനുകൂല്യം നൽകിയ തുകയ്ക്ക് ആനുപാതികമായ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും

വ്യക്തമായിട്ടില്ല. കരാർ രേഖകൾ പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള കാലയളവിൽ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കണം എന്നിരിക്കെ, പദ്ധതി സ്പിൽ ഓവറായി ഏറ്റെടുത്തിട്ടും നാളിതുവരെ പൂർത്തീകരിക്കുവാൻ കഴിയാതിരുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [10/15.11.2019], ജില്ലയുടെ പടിഞ്ഞാറൻ മേഖലയായ തിരുവാർപ്പും പ്രാന്തപ്രദേശങ്ങളും കടുത്ത പ്രളയക്കെടുതികൾ നേരിട്ട പ്രദേശമാണെന്നും, അതുമൂലം സാമഗ്രികൾ നിർമ്മാണ സ്ഥലത്തേയ്ക്ക് എത്തിക്കുന്നതിന് കൂലി ചെലവിനത്തിൽ, ഗുണഭോക്താവിന് അധിക തുക ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായതിനാലാണ് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്നും, പദ്ധതിയുടെ ഗുണഭോക്താക്കൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നവരാണെന്നും പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്. വാസയോഗ്യമായ ഭവനമില്ലാത്ത ആരുംതന്നെ അവശേഷിക്കരുത് എന്ന സർക്കാർ നയത്തിനനുസൃതമായി ഭവനനിർമ്മാണം യഥാവിധി പൂർത്തീകരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പ്രസ്തുത പദ്ധതി, ഓഡിറ്റ് വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തുകയും എന്നാൽ നാളിതുവരെ പൂർത്തീകരിക്കാത്തതുമായ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കായുള്ള 2,40,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച്, ബന്ധപ്പെട്ട രേഖകൾ ഉൾപ്പെടെ ഓഡിറ്റിൽ അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-35 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചു നല്കി

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള പൈപ്പ് ലൈൻ കണക്ഷൻ (പ്രോജക്ട് നം. 20/18-19) എന്ന പ്രോജക്ട് പ്രകാരം 10,935/- രൂപയുടെ ആനുകൂല്യം കൈപ്പറ്റിയ ശ്രീ.കുഞ്ഞുമോൻ പി.എസ്., താമരശ്ശേരി കോളനി, ഹൗസ് നം.83 എന്നയാൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ ഉപകരണങ്ങൾ വാങ്ങി നല്കൽ (പ്രോജക്ട് നം. 279/18-19) 19,000/- രൂപ വിലയുള്ള മിഷ്യൻ വാൾ (Texas chainsaw TS 5020 ,3HP 18"2), ഹെൽമെറ്റ്, ഗം ബൂട്ട് എന്നീ ഉപകരണങ്ങൾ 4 പേർക്ക് നല്കിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ ശ്രീ.സത്യൻ, പത്തൊൻപതിൽചിറ കോളനി, ശ്രീ. സനിൽ കുമാർ, മാധവശ്ശേരി എന്നീ വ്യക്തികളും പ്രസ്തുത പ്രോജക്ടിനുള്ള അന്തിമ ഗുണഭോക്തൃ ലിസ്റ്റ്, ഊരുക്കൂട്ടത്തിന്റെ മിനട്സ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/10.11.2019) ഊരുകൂട്ടത്തിന്റെ മിനിറ്റ്സിൽ രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നും പട്ടിക വർഗ്ഗ ഫണ്ട് ഉപയോഗിച്ചുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താറില്ലെന്നും ഊരുക്കൂട്ടതിന്റെ മിനട്സിൽ മാത്രമാണ് ഉൾപ്പെടുത്താറുള്ളതെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചത്. ആനുകൂല്യം ലഭിക്കുന്ന എല്ലാ ഗുണഭോക്താക്കളും ഗ്രാമസഭ/ഊരുകൂട്ടം തെരഞ്ഞെടുത്തവർ/അംഗീകരിച്ചവർ ആണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

### 1-36 റോഡ് പുനഃസ്ഥാപിക്കുവാൻ ലഭിച്ച തുക തനതു ഫണ്ടിൽ അവശേഷിക്കുന്നു

മരുതനാംകുഴി പുല്ലുപാലം റോഡിൽ റിലയൻസ് കമ്പനിയുടെ കേബിൾ സ്ഥാപിക്കുന്നതിനായി റോഡ് കുഴിച്ചത് പുനഃസ്ഥാപിക്കുവാൻ 21.12.18-ൽ 8,61,708/- രൂപ കമ്പനി നല്കിയിരുന്നു. ടി തുക പഞ്ചായത്ത് തനത് ഫണ്ടിൽ നിലവിലും അവശേഷിക്കുന്നു. നാളിതുവരെ ടി റോഡ് പുനർനിർമ്മിച്ചിട്ടില്ല. ആയതിനാൽ ടി തുക റോഡ് പുനഃസ്ഥാപിക്കുവാൻ വിനിയോഗിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന

അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 പദ്ധതി ആനുകൂല്യം ആവശ്യമില്ലെന്നറിയിച്ച ഗുണഭോക്താവിനുവേണ്ടി സ്വകാര്യ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയ തുക നാളിതുവരെ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 143/18-19 |
| അടങ്കൽ | 3,60,000/- (എസ്.സി.പി.) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് | 3,00,000/- |
| ബിൽ നം./തീയതി | 07/18-19/29.11.18 - 60,000/- |
| | 08/18-19/21.12.18 - 60,000/- |
| | 09/18-19/19.01.19 - 1,20,000/- |
| | 10/18-19/28.01.19 - 60,000/- |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി-യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം ഓട്ടോറിക്ഷ വാങ്ങുന്നതിനായി ഒരാളിന് 60,000/- രൂപ നിരക്കിൽ ആകെ 5 പേർക്ക് റ്റി.വി.സുന്ദരം അയ്യങ്കാർ & സൺസ്, സൂര്യ മോട്ടോഴ്സ് എന്നീ സ്ഥാപനങ്ങൾക്ക് യഥാക്രമം 1,20,000/- രൂപ, 1,80,000/- രൂപ എന്നിങ്ങനെ ആകെ 3,00,000/- രൂപ നൽകിയിട്ടുണ്ട്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 4 ഗുണഭോക്താക്കൾ മാത്രമേ വാഹനം വാങ്ങി രജിസ്റ്റർ ചെയ്തിട്ടുള്ളൂ എന്ന് കണ്ടു. ഗുണഭോക്താവായ ശ്രീ.സുരേഷ്കുമാർ, കട്ടക്കറ്റിച്ചിറ, തിരുവാർപ്പ് എന്നയാൾ വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ഉണ്ടായിരുന്നില്ല. ടിയാന് സബ്സിഡി ആവശ്യമില്ല എന്ന് രേഖാമൂലം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചതായി ഫയലിൽ നിന്നും വ്യക്തമാകുന്നു (നൽകിയ കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്). എന്നാൽ, ടിയാളുടെ പേരിലുള്ള സബ്സിഡി തുക റ്റി.വി.സുന്ദരം അയ്യങ്കാർ & സൺസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ, ഗുണഭോക്താവിന്റെ പേരിലുള്ള സബ്സിഡി തുക സ്ഥാപനത്തിൽ നിന്നും നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ ആവശ്യകത ഉറപ്പുവരുത്താതെ തുക പിൻവലിച്ച് സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയ നടപടി ഉചിതമല്ല. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/10.11.2019) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കി അറിയിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുക തിരികെ ലഭിക്കുന്നതുവരെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിച്ച് ചെലവ് തുകയായ 60,000/- രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14.06.19 -15.06.19 | KSA/KTM/P4/919/2019/ 25.06.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത | 2018-19 | - | 30000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും,ബത്തകളും | 30000 | 0 |
| | 2018-19 | - | 1902852 | ലൈഫ് മിഷൻ പദ്ധതി | 1880000 | 22852 |
| | 2018-19 | - | 360200 | ലൈഫ് മിഷൻ പദ്ധതി പട്ടികജാതി വിഭാഗം | 0 | 360200 |
| | | 40000 | - | പാലിയേറ്റീവ് കെയർ യൂണിറ്റിന് അധിക സൗകര്യം ഒരുക്കൽ (സ്പിൽ ഓവർ) | 40000 | 0 |
| | | 237668 | - | പാലിന സബ്സിഡി (സ്പിൽ ഓവർ) | 182724 | 54944 |
| ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | 637668 | 2563052 | | 2762724 | 437996 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2018-19 | - | 300000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും,ബത്തകളും | 300000 | 0 |
| | | | 100158 | ലൈഫ് മിഷൻ പദ്ധതി-പട്ടിക വിഭാഗം | 100158 | 0 |
| | | | 2039200 | ലൈഫ് മിഷൻ പദ്ധതി | 2000000 | 39200 |
| ആകെ ജില്ലാ പഞ്ചായത്ത് വിഹിതം | | | 2439358 | | 2300000 | 139358 |

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയിൽ ബാലൻസ് നിൽക്കുന്നവ വിനിയോഗിക്കാത്തപക്ഷം സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 1) പ്രോജക്ട് നം.138/19 – പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1331973 | | 1331973 |
| | 2) പ്രോജക്ട് നം.137/19 – 13-ാം വാർഡിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 600000 | | 600000 |
| | ആകെ | 1931973 | | 193173 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,73,21,925/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവനനിർമ്മാണം | നം.സാധാ.6105/19/ഫിൻ തീയതി 01.08.2018 | 17321925/- | - | – | - | 17321925/- |

### 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിൽ സ്ഥിര നിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 100353862 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 85506943 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 60,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 20,41,384 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 60,000 | ശ്രീമതി സുജ മാത്യു<br>അസിസ്റ്റന്റ് സെക്രട്ടറി |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 2,25,000 | ശ്രീ.പി.ജെ.ജോർജ്, സെക്രട്ടറി |

| | | |
|---|---|---|
| 1-22 | 28,480 | ശ്രീ.പി.ജെ.ജോർജ്, സെക്രട്ടറി |
| 1-26 | 14,29,495 | ശ്രീ.പി.ജെ.ജോർജ്, സെക്രട്ടറി |
| 1-29 | 5,909 | ശ്രീ.പി.ജെ.ജോർജ്, സെക്രട്ടറി |
| 1-30 | 25,000 | ശ്രീ.ഹരികൃഷ്ണൻ ബി., വി.ഇ.ഒ. |
| 1-31 | 1,12,500 | ഡോ.സുജ ജോൺ, വെറ്ററിനറി സർജൻ |
| 1-34 | 2,40,000 | ശ്രീ.നിസാമുദ്ദീൻ എ., വി.ഇ.ഒ. |
| ആകെ | 20,41,384 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരു ടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുജ മാത്യു അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, ചിറക്കടവ് ഗ്രാമപഞ്ചായത്ത് | കൊച്ചുപാലത്താനത്ത് വീട്, പാറമ്പുഴ പി.ഒ., കോട്ടയം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 ചെലവ് | നം.എൽ.എഫ്.കെ.പി.10/538(3)അദാ/14/29.11.14 |
| 1998-99 ചെലവ് | നം.എൽ.എഫ്.കെ.പി6/1149/07/8.2.08 |
| 1998-99 വരവ് | നം.എൽ.എഫ്.കെ.പി.6/280/12.01.09/2.2.09 |
| 1999-2000 ചെലവ് | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/ 55(2)18/30.1.2018 |
| 1999-2000 വരവ് | നം.എൽ.എഫ്.കെ.പി6/281/08/12.01.09/2.2.09 |
| 2000-2001 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(3)18/ 30.1.2018 |
| 2000-01, 2001-02 പ്ലാൻ | നം.കെ.എസ്.എ.കെ.റ്റി.എം.പി10/538/14/21.10.15 |
| 2001-02 | നം.കെ.എസ്.എ.കെ.റ്റി.എം.പി19/(അദാ.18/55(4)18/ 30.1.2018 |

| | |
|---|---|
| 2002-03 ചെലവ് | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(5)18/ 16.2.2018 |
| 2002-03 വരവ് | നം.എൽ.എഫ്.കെ.പി1/960/അദാ എച്ച്.2011(2)/ 22.08.11 |
| 2003-04 വരവ് | നം.എൽ.എഫ്.കെ.പി.6/1132/09/27.6.12 |
| 2004-05 | നം.കെ.എസ്.എ.കെ.റ്റി.എം.പി9/(അദാ.18/55(7)18/ 16.02.2018 |
| 2005-06 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(8)18/ 30.1.2018 |
| 2006-07 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9(അദാ.18/55(9)18/ 30.1.2018 |
| 2007-08 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(10)18/ 30.1.2018 |
| 2008-09 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(11)18/ 29.1.2018 |
| 2009-10 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(12)18/ 29.1.2018 |
| 2010-11, 11-12 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(13)18/ 29.1.2018 |
| 2012-13 | നം.എൽ.എഫ്.കെ.പി.10/33/15/ 18.4.15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി9/(അദാ.18/55(13)18/ 29.1.2018 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി10/17/17/1.6.17 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി9/410/18/ 7.3.2018 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി9/408/18/ 7.3.2018 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി9/839/19/3.9.19 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.ടി.എം.പി.9/1758/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 09.12.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം